2024 ജൂൺ 25

ക്രൈസ്തവ ദ്വൈവാരിക

ബിലീവേഴ്സ് ജേണൽ

VOL:17 ISSUE: 03 RNI.NO.KERMAL/2008/26530 Pages: 14

# റവ. സി. സി. തോമസ് ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യൻ സൂപ്രണ്ട്

* ഈ പദവിയിലെത്തുന്ന ആദ്യ ഏഷ്യൻ വംശജൻ * റവ. സി. സി. തോമസിന്റെ പ്രവർത്തന മികവിനുള്ള അംഗീകാരം * മുളക്കുഴ സീയോൻകുന്നിൽ സൗത്ത് ഏഷ്യൻ സൂപ്രണ്ടിന്റെ കാര്യാലയം * ഇത് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിനുള്ള ആദരവും അംഗീകാരവും

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പും ഓൾ ഇൻഡ്യാ ഗവേണിംഗ് ബോഡി ചെയർമാനുമായ റവ. സി.സി. തോമസ് ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യൻ സൂപ്രണ്ടായി നിയമിതനായി. 2024 ജൂലൈ 8-12 ലകെ അമേരിക്കയിലെ ഇൻഡ്യാനപോളിസ് സംസ്ഥാനത്തിലെ ഇൻഡ്യാനയിൽ നടക്കുന്ന സഭയുടെ അന്തർ ദേശീയ സമ്മേളനത്തിൽ ഔദ്യോഗിക പ്രഖ്യാപനം ഉണ്ടാകുകയും തുടർന്ന് അദ്ദേഹം പ്രസ്തുത ചുമതല ഏറ്റെടുക്കുകയും ചെയ്യും.

കഴിഞ്ഞ 14 വർഷങ്ങൾ റിജിയണൻ സൂപ്രണ്ടന്റായി സേവനം അനുഷ്ഠിച്ച റവ. കെൻ ആൻഡേഴ്സൺ സ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണ് ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ റവ, സി.സി. തോമസിനെ സൗത്ത് ഏഷ്യൻ സൂപ്രണ്ടന്റായി നിയമിച്ചത്. 191 രാജ്യങ്ങളിലായി വ്യാപിച്ച് കിടക്കുന്ന ചർച്ച് ഓഫ് ഗോഡ് സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഏഷ്യൻ വംശജൻ ഇൻഡ്യ ഉൾപ്പടെയുള്ള രാജ്യങ്ങളുടെ ചുമതലയിൽ സൂപ്രണ്ടന്റായി നിയമിതനാകുന്നത്. കഴിഞ്ഞ 8 വർഷങ്ങളിൽ ക




ഗ്ലോ സ്റ്റേറ്റ് ഓവർസീയർ എന്ന നിലയിലും ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡിന്റെ ചെയർമാൻ എന്ന നിലയിലും നൽകിയ നേതൃത്വപാടവത്തിനും പ്രവർത്തന മികവിനുമുള്ള അംഗീകാരമാണ് പുതിയ പദവി. സൗത്ത് ഏഷ്യൻ സൂപ്രണ്ടന്റിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് ചർച്ച് ഓഫ് ഗോഡിന്റെ ഏഷ്യയിലെ ഏറ്റവും വലിയ പ്രവർത്തന മേഖലയായ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ ഹെഡ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന മുളക്കുഴയിൽ ആയിരിക്കുമെന്നാണ് വേൾഡ് മിഷനിൽ നിന്നും ലഭിച്ച അറിയിപ്പ്. അതോടൊപ്പം ചർച്ച് ഓഫ് ഗോഡ് ഓൾ ഇൻഡ്യാ ഗവേണിംഗ് ബോഡി ചെയർമാനായും റവ. സി. സി. തോമസ് പ്രവർത്തിക്കും.


മുളക്കുഴ ചിറയിൽ വീട്ടിൽ സി.ഐ. ചാക്കോ- തങ്കമ്മ ചാക്കോ എന്നിവരുടെ മകനായി 1964 ഫെബ്രുവരി 4-ാം തീയതി ജനിച്ച പാസ്റ്റർ സി.സി. തോമസ് 2016 സെപ്റ്റംബറിലാണ് ഇൻഡ്യാ ദൈവസഭയുടെ ഓവർസീയറായി ചുമതയേറ്റത്. അന്നു മുതൽ വ്യക്തമായ പദ്ധതികളോടെ സഭയുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് അദ്ദേ

➤ 07

# ഹൂസ്റ്റണിൽ ഇനി ആത്മിക കൂട്ടായ്മയുടെ ദിനങ്ങൾ പെന്തെക്കോസ്ത് കോൺഫറൻസ് ജൂലൈ 4 മുതൽ



പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നോലിൽ, ബിജു തോമസ്, റോബിൻ രാജു, ആൻസി സന്തോഷ്



**ഹൂസ്റ്റൺ:** നോർത്ത് അമേരിക്കയിൽ നടക്കുന്ന സൗത്ത് ഏഷ്യൻ കമ്യൂണിറ്റിയിലെ ഏറ്റവും വലിയ പെന്തക്കോസ് മഹാസമ്മേളനത്തിന് ജൂലൈ നാലിന് തിരശ്ശീല ഉയരുകയാണ്. നാലു ദിവസം നീണ്ടു നിൽക്കുന്ന ആയിരങ്ങൾ പങ്കെടുക്കുന്ന സുവിശേഷ മഹാസമ്മേളനത്തിന്റെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്. പങ്കെടുക്കുന്ന വിശ്വാസികൾ ആത്മിയ ഉന്നതി പ്രാപിക്കുക, കൂട്ടായ്മകളും സൗഹൃദങ്ങളും ബലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, സംഘടനാ വിത്യാസം കൂടാതെ ക്രിസ്തുവിന്റെ രക്തത്താൽ വിണ്ടെടുക്കപ്പെട്ട ദൈവമക്കൾ ഒന്നോണെന്ന് വിളിച്ചോതുന്ന ആത്മീയ സമ്മേളനത്തിനാണ് ഹൂസ്റ്റൺ പട്ടണം ഒരുങ്ങുന്നത്. 2014 ജൂലൈ 4-7 വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവെൻഷൻ സെൻട്രലിൽ വെച്ചാണ് ദേശിയ കോൺ ഫറൻസ് നടക്കുന്നത്.

'മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പ്പിൻ' (ലൂക്കോ. 3:8) എന്നതാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ലോകപ്രസിദ്ധ സുവിശേഷകനും അമേരിക്കയിലെ യുവജനങ്ങൾക്കിടയിൽ ഏറെ സ്വാധിനവുമുള്ള പാസ്റ്റർ വ്ളാഡ് സുവ് ഷുക്ക്, ഡോ. ലിയസ് സുബി, ഡോ. റ്റിം ഹിൽ, ആൻഡ്രസ് ബിസോണ, ക്രൈസ്തവ കൈരളിക്ക് ഏറെ സുപരിചതരായ പാസ്റ്റർ ഫെയ്ത്ത് ബ്ലസ്സൻ, പാസ്റ്റർ ജസ്റ്റിൻ ശാമുവൽ, ഡോ. ഏഞ്ചൽ എൽസാ വർഗ്ഗീസ് -യു.കെ എന്നിവരാണ് മുഖ്യ പ്രസംഗകർ. പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ (നാഷണൽ കൺവീനർ), രാജു പൊന്നോലിൽ (നാഷണൽ സെക്രട്ടറി), ബിജു തോമസ് (നാഷണൽ ട്രഷറാർ), റോബിൻ രാജു (യൂത്ത് കോ-ഓർഡിനേറ്റർ), ആൻസി സന്തോഷ് (ലേഡിസ് കോ-ഓർഡിറ്റേർ) എന്നിവമാണ് മുഖ്യ സംഘാടകർ.

അനുഗ്രഹീത ഗായകൻ കെ. ബി ഇമ്മാനുവേലിന്റെ നേതൃത്വത്തിലുള്ള നാഷണൽ ഗായകസംഘം എല്ലാ സെ

➤ 05

## സാക്ഷി



അന്യാഗ്നി കത്തിക്കരുതെന്ന് സുപ്രസിദ്ധ പ്രഭാഷകൻ

*ഇത്രയും നാൾ കത്തിച്ചതിനും പ്രോത്സാഹിപ്പിച്ചതിനും എന്ത് പ്രായശ്ചിത്തം ചെയ്യുമെന്നു കൂടി പ്രഭാഷകൻ പറഞ്ഞിരുന്നുവെങ്കിൽ നന്നായേനേ...*

# നോർത്ത് അമേരിക്കൻ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡുകൾ പ്രഖ്യാപിച്ചു: അവാർഡ് വിതരണം ഹൂസ്റ്റണിൽ









**ന്യൂയോർക്ക്:** നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള മലയാളി പെന്തക്കോസ്ത് വിശ്വാസികളായ പുതിയ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സാഹിത്യ രചനാ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു.

പുസ്തക വിഭാഗത്തിൽ ആഷേർ കെ. മാത്യൂ കാനഡ പുറത്തിറക്കിയ 'വിശുദ്ധന്റെ സന്തതികൾ' എന്ന ഗ്രന്ഥവും, എബി ജേക്കബ് ഹൂസ്റ്റൺ എഴുതിയ 'ഹൂ ഈസ് വൈസ് ഇനഫ് റ്റൂ അണ്ടർസ്റ്റാന്റ്' (Who is wise enough to understand) എന്ന പുസ്തകവും 2024 ലെ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡിന് അർഹത നേടി. സാം സഖറിയ ഈപ്പൻ ഫ്ലോറിഡ എഴുതിയ 'ചാവാറായ ശേഷിപ്പുകൾ' മലയാളം ലേഖനം വിഭാഗത്തിലും, ജോസഫ് കുര്യൻ ഹൂസ്റ്റൺ എഴുതിയ 'ഹി എലോൺ ഈസ് വർത്തി'('He alone is worthy') എന്ന ലേഖനവും, ജാസ്മിൻ ജേക്കബ് ഡാളസ് എഴുതിയ 'Such a time as this Knowing God's heart' എന്ന ലേഖനം ഇംഗ്ലീഷ് വിഭാഗത്തിലും അവാർഡുകൾ നേടി.

രാഗി ഷിജു ഫ്ളോറിഡ എഴുതിയ 'ശീമോന്റെ പടക്'

➤ 07

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

കേരളാ സ്റ്റേറ്റ് കോർഡിനേറ്റർ
പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box: 58
Kumbanad P.O.,
Thiruvalla
Pin: 689 547

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

OFFICE: 09526602670
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com


# അഗ്നിദുരന്തങ്ങൾ ആവർത്തിക്കുമ്പോൾ






ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ജീവിതനിലവാരം മെച്ചപ്പെടുത്താൻ പലകാലങ്ങളിലായി പ്രവാസികളായ 23 പേരുടെ ചേതനയറ്റ ശരീരങ്ങളാണ് മുഖ്യമന്ത്രി പിണറായി വിജയനും മറ്റു മന്ത്രിമാരും കൂടി ചേർന്ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും ഏറ്റുവാങ്ങിയത്. കുവൈറ്റിലെ മംഗെഫിൽ തൊഴിലാളികൾ താമസിച്ചിരുന്ന കെട്ടിടത്തിലുണ്ടായ തീപ്പിടിത്തത്തിലാണ് ഈ മരണങ്ങൾ സംഭവിക്കുന്നത്. ആകെ 49 പേരാണ് അപകടത്തിൽ മരിച്ചത്. 45 പേർ ഇന്ത്യക്കാരാണ്.പ്രവാസ ലോകം കണ്ട ഏറ്റവും വലിയ ദുരന്തമാണ് കുവൈറ്റിൽ നടന്നതെന്നും ഇത്തരം ദുരന്തം ആവർത്തിക്കാതിരിക്കാൻ കുവൈറ്റ് സർക്കാർ ശ്രദ്ധിക്കുമെന്നാണ് വിശ്വാസമെന്നും മുഖ്യമന്ത്രി നെടുമ്പാശേരി വിമാനത്താവളത്തിൽ വെച്ച് പറയുകയുണ്ടായി. ഗൾഫിൽ ഉണ്ടാകുന്ന ഏത് ദുരന്തവും കേരളത്തെ ആശങ്കയിലാഴ്ത്താറുണ്ട്. കഴിഞ്ഞ ദിവസം കുവൈത്തിലെ മംഗഫിലുണ്ടായ ദുരന്തവും മലയാളികളെ ഒന്നടങ്കം ദുഃഖത്തിലാഴ്ത്തിയിരിക്കയാണ്. ദിവസങ്ങൾക്കകം അവധിക്ക് വരാനിരുന്നവരും അടുത്തിടെ മാത്രം ജോലി ലഭിച്ച് വിമാനം കയറിയവരും ഉൾപ്പെടെ 24 മലയാളികളടക്കം 46 ഇന്ത്യക്കാരാണ് മംഗഫിലെ ആറുനില കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ മരിച്ചത്. നിരവധി പേർ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലാണ്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ബുധനാഴ്ച പുലർച്ചെയുണ്ടായ തീപിടിത്തം അതിവേഗത്തിൽ എല്ലാ നിലകളിലേക്കും വ്യാപിക്കുകയായിരുന്നു. ഉറങ്ങിക്കിടക്കുന്നവർക്ക് പുറത്തിറങ്ങാനോ ഓടി രക്ഷപ്പെടാനോ കഴിയുന്നതിനുമുമ്പ് തീപടർന്നു. ആളിപ്പടർന്ന തീയിൽ പൊള്ളലേറ്റും കനത്ത ചൂടിലും പുകയിലും ശ്വാസംമുട്ടിയുമാണ് ഭൂരിപക്ഷം പേരും മരിച്ചത്. ചിലർ രക്ഷപ്പെടാനുള്ള വെപ്രാളത്തിൽ കെട്ടിടത്തിൽനിന്ന് ചാടിയതിനാലും മരിച്ചു. വിദേശത്തുണ്ടായ ഒരു ദുരന്തത്തിൽ ഇത്രയും കൂടുതൽ മലയാളികൾ മരിക്കുന്നത് ഇത് ആദ്യമാണ്. ജീവിത സ്വപ്നങ്ങളുമായി തൊഴിൽതേടിപ്പോയ ഉറ്റവരുടെ ചേതനയറ്റ ശരീരങ്ങൾ ഏറ്റുവാങ്ങുന്ന കുടുംബങ്ങളുടെ തീരാവേദന പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ഈ വേദനയിൽ മലയാളികൾ ഒന്നടങ്കം പങ്കുചേരുകയാണ്. വേനൽക്കാലത്തെ കനത്തചൂടിനൊപ്പം പലയിടത്തും ഉണ്ടാകുന്ന തീപിടിത്തങ്ങളിലൊന്നായാണ് മംഗഫിലെ സംഭവത്തെ ആദ്യം പ്രവാസികൾ കരുതിയത്. എന്നാൽ, മണിക്കൂറുകൾക്കകം കുവൈത്തിലെ ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായി അതുമാറി. സംഭവമറിഞ്ഞ ഉടൻതന്നെ കുവൈത്തിലെ കല ഉൾപ്പെടെയുള്ള മലയാളി കൂട്ടായ്മകളും കുവൈത്ത് സർക്കാരും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കുവൈത്ത് ഒന്നാം ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായ ശൈഖ് ഷഹദ് യൂസഫ് സൗദ് സംഭവസ്ഥലം സന്ദർശിച്ച് രക്ഷാപ്രവർത്തനം വേഗത്തിലാക്കി. തീപിടിച്ച കെട്ടിടത്തിന്റെ ഉടമയെയും നടത്തിപ്പുകാരനെയും അറസ്റ്റ് ചെയ്യാൻ നിർദേശിച്ചതോടൊപ്പം കെട്ടിടങ്ങളിലെ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. ദുരന്തത്തിൽ കുവൈത്ത് ആഭ്യന്തരമന്ത്രാലയം അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഗൾഫിലായാലും നമ്മുടെ രാജ്യത്തായാലും തൊഴിലാളികൾ കൂട്ടത്തോടെ താമസിക്കുന്ന പല പാർപ്പിടങ്ങളിലെയും സുരക്ഷാക്രമീകരണങ്ങളും മറ്റും പരിതാപകരമാണെന്നതിലേക്കു കൂടിയാണ് ഇത്തരം തീപിടിത്തങ്ങൾ വിരൽചൂണ്ടുന്നത്. ഇരുനൂറോളം പേരാണ് അഗ്നിബാധയുണ്ടായ ഫ്ലാറ്റിൽ താമസിച്ചിരുന്നത്. ഷോർട്ട് സർക്യൂട്ട് മൂലമാണെന്നും ഗ്യാസ് സിലിണ്ടറുകളിൽ നിന്ന് തീ പടർന്നതാണെന്നും പറയുന്നുണ്ട്. എന്തായാലും ഇത്രയും ഗ്യാസ് സിലിണ്ടറുകൾ മതിയായ സുരക്ഷാക്രമീകരണമില്ലാതെ കെട്ടിടത്തിനടിയിൽ സൂക്ഷിച്ചിരുന്നത് ഗുരുതരമായ നിയമലംഘനം തന്നെയാണ്. എവിടെയായാലും അമ്പതു പേരിൽ കൂടുതൽ ഒരുമിച്ചു താമസിക്കുന്നിടത്ത് കൃത്യമായ ഇടവേളകളിൽ സുരക്ഷാ ഓഡിറ്റ് നടത്തേണ്ടത് അനിവാര്യമാണ്. ദുരന്തങ്ങളിൽ നിന്ന് പാഠം പഠിക്കേണ്ടിവരുന്നത് നിർഭാഗ്യകരമാണെങ്കിലും ഭാവിയിൽ ഇത്തരം സംഭവങ്ങൾ മുൻകൂട്ടി തടയാൻ ഉതകിയാൽ അത് നല്ലതു തന്നെയാണ്. മരണമടഞ്ഞവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ നാടിനൊപ്പം ഞങ്ങളും പങ്കുചേരുന്നു

# ദൈവരാജ്യം അന്വേഷിപ്പിൻ

## ലേഖനം



പാസ്റ്റർ കെ. ജെ. മാത്യു

മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും (മത്തായി 6:33)

നമ്മുടെ കർത്താവിന്റെ ഗിരിപ്രഭാഷണത്തിലെ ഒരു വാചകമാണ് ഈ ലേഖനത്തിന് ആധാരം. മത്തായി സുവിശേഷം അഞ്ച്, ആറ്, ഏഴ് അധ്യായങ്ങളിലായി യേശുവിന്റെ മലയിലെ പ്രസംഗത്തെ കാണുവാൻ കഴിയുന്നു. യേശുക്രിസ്തു ഇരുന്നൂറിൽ അധികം പ്രാവശ്യം ഈ കാര്യങ്ങൾ ഉപദേശിച്ചതായി കണക്കാക്കുന്നു.

'ദൈവരാജ്യം അന്വേഷിപ്പിൻ' എന്നതിന് ശിഷ്യന്മാർ അതിൽ പ്രവേശിക്കുവാൻ ശ്രമിക്കണം എന്ന അർത്ഥമില്ല. കാരണം അവർ ഇതിനോടകം അതിലാണല്ലോ. അതിന്റെ അർത്ഥം 'ദൈവരാജ്യത്തിന്റെ നന്മ' – അതായത് അതിന്റെ മഹത്വം, ശക്തി, എന്നിവ അന്വേഷിക്കണമെന്നും, ദൈവീക ഭരണം തങ്ങളിലും മറ്റുള്ളവരിലും അത്യധികമായി വർദ്ധിച്ചു വരേണം എന്നുമാണ്.

യേശുക്രിസ്തു തന്റെ ഗിരി പ്രഭാഷണത്തിൽ ആഹാരത്തെക്കുറിച്ചും വസ്ത്രത്തെക്കുറിച്ചും ഭാരപ്പെടരുത് എന്നും അവയൊക്കെയും ലോക ജനത അന്വേഷിക്കുന്നു എന്നും അരുളി ചെയ്തതിനു ശേഷം മുമ്പെ നാം അവന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ ഇവയെല്ലാം നമുക്ക് ലഭിക്കും എന്നും അരുളി ചെയ്തു. തന്റെ ജനം മറ്റെല്ലാവരിൽ നിന്നും വ്യത്യസ്തരായിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. സ്വർഗ്ഗീയമായ ആത്മീക കാര്യങ്ങൾക്ക് പിന്നാലെ പോകുന്ന അതിവിശിഷ്ട ജനമായിരിക്കും അവർ; കൂടാതെ ദൈവാശ്രയവും സന്തോഷവും ഉള്ളവരായിരിക്കണം. കർത്താവിന്റെ ശിഷ്യന്മാർ തങ്ങൾക്ക് യജമാനനായി തെരഞ്ഞെടുത്തിരിക്കുന്നത് ദൈവത്തെയാണ്. അല്ലാതെ പണത്തെയോ, ശാരീരിക ആവശ്യങ്ങളെയോ; അതുപോലെ ഭൂമിയിലെ മറ്റെന്തെങ്കിലും വസ്തുക്കളെയോ അല്ല. കർത്താവിലും കർത്താവിന്റെ മഹത്വത്തിലുമാണ് അവർ ദൃഷ്ടിവെയ്ക്കേണ്ടത്. ദൈവരാജ്യവും ദൈവനീതിയും സംബന്ധിച്ചുള്ളതായിരിക്കണം അവരുടെ മുഖ്യ താല്പര്യം. സ്വന്ത ആവശ്യങ്ങളെക്കുറിച്ചുള്ളതിനേക്കാൾ കൂടുതൽ ശ്രദ്ധ അതിനു കൊടുക്കണം.

ഒന്നാമതായി ദൈവരാജ്യത്തെ അന്വേഷിക്കണം. നമ്മുടെ ആത്മാവിനെ സംബന്ധിക്കുന്നതും നമ്മുടെ നിത്യതയെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾ നാം അന്വേഷിക്കുന്നതിനെ ഇത് കാണിക്കുന്നു. ദൈവജനമായ നാം ഒന്നാമത് ചെയ്യേണ്ട കാര്യങ്ങൾ ഒന്നാമത് തന്നെ ചെയ്യേണം. നമ്മുടെ ജീവിതത്തിൽ മുഖ്യസ്ഥാനം കൊടുക്കേണ്ടതിന് നാം മുഖ്യസ്ഥാനം കൊടുക്കണം. നമ്മുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം നമ്മുടെ കർത്താവിന് തന്നെ ആയിരിക്കണം. നമ്മുടെ ബലം, ആരോഗ്യം, സമയം, കഴിവുകൾ , താലന്തുകൾ എല്ലാം നമ്മുടെ കർത്താവിനു തന്നെ നാം അർപ്പിക്കേണം.

ദൈവം തന്റെ കൃപയാൽ രക്ഷിച്ചവരെ തന്റെ ശക്തിയാൽ രൂപാന്തരപ്പെടുത്തുന്നു. അവർ ദൈവത്തിന്റെ പുതിയ സൃഷ്ടികളായിത്തീരുന്നു, ദൈവമക്കളായിത്തീരുന്നു. അങ്ങനെ ആയതു കൊണ്ട് അവർ നന്മ ചെയ്യുകയും ദൈവം നൽകുന്ന മഹത്വവും, മാനവും, അനശ്വരതയും അന്വേഷിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവരെ താനുമൊത്തുള്ള നിത്യജീവന്റെ പൂർണ്ണ അനുഭവത്തിലേക്ക് ദൈവം കൊണ്ടു വരും. ആദ്യമായി ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ അവർ ആരംഭിച്ചതായ ഒരു ജീവിതം നന്മ ചെയ്യുന്നതിന്റെയും ദൈവത്തെ അന്വേഷിക്കുന്നതിന്റെയും ഒരു പ്രതിഫലനമല്ല, മറിച്ച് ദൈവം അവരിൽ ചെയ്ത പ്രവൃത്തിയുടെ ഒരു ഫലമാണത്.

ഭാഗ്യ ജീവിതത്തെ നിർവചിച്ചു കൊണ്ടാണ് ഈ ഗിരി പ്രഭാഷണം ആരംഭിക്കുന്നത്. ഭാഗ്യവാന്മാർ ആരാണ്, അവർ എങ്ങനെ പെരുമാറണം ഈ കാര്യങ്ങൾ വളരെ വ്യക്തമായി പറയുന്നു. സ്വർഗ്ഗരാജ്യത്തിലുള്ളവരാണ് ഭാഗ്യവാന്മാർ . സ്വർഗ്ഗരാജ്യത്തിൽ എങ്ങനെ പ്രവേശിക്കാം എന്നതിനെക്കുറിച്ചുള്ള പ്രത്യേക നിർദേശങ്ങൾ ഈ പ്രഭാഷണത്തിൽ കാണപ്പെടുന്നില്ല. എന്നാൽ എങ്ങനെയുള്ളവരാണ് അതിലുള്ളതെന്നും , അങ്ങനെയായിത്തീരുവാൻ അവർ അന്വേഷിക്കേണ്ടത് എന്താണെന്നും, ചെയ്യേണ്ടതെന്തെന്നും പ്രതിപാദിച്ചിരിക്കുന്നു. ദൈവരാജ്യത്തിന്റെ നിയമങ്ങളും പ്രമാണങ്ങളും കാത്തുസൂക്ഷിക്കുവാൻ നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിച്ച് മാറ്റം സംഭവിച്ച് ആത്മീകമായി പുതുക്കമുള്ളവരായി തീരേണ്ടത് ആവശ്യമാണ്. ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയിൽ ജീവിക്കുന്നവർക്ക് മാത്രമേ ഈ ആത്മീയ പ്രമാണങ്ങൾ പ്രായോഗികമാക്കുവാൻ കഴിയുകയുള്ളൂ. ഗിരിപ്രഭാഷണത്തിലെ ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കുവാൻ ശ്രമിച്ചതുകൊണ്ട് ദൈവമക്കളായി തീരുവാനോ, ആത്മീയരായി തീരുവാനോ കഴിയുകയില്ല. എന്നാൽ നാം ദൈവമക്കളാകുന്നുവെങ്കിൽ ജീവിക്കുവാൻ ദൈവാത്മാവ് നമ്മെ സഹായിക്കും. ഒരു ദൈവ പൈതലായിരിക്കുക, ഒരു യഥാർത്ഥ വിശ്വാസിയായിരിക്കുക, ഒരു യഥാർത്ഥ ശിഷ്യനായിരിക്കുക എന്നിവ കൊണ്ട് യഥാർത്ഥത്തിൽ അർത്ഥമാക്കുന്നതെന്തെന്ന് യേശു ഇവിടെ സൂചിപ്പിക്കുന്നു.

ദൈവരാജ്യത്തിലെ ഭാഗ്യവാന്മാർക്ക് ഈ ഭൂമിയിൽ യാതൊരുവിധ ദുഃഖവുമില്ല, അവർ എപ്പോഴും സന്തോഷാനുഭവത്തിലായിരിക്കും എന്ന അർത്ഥമില്ല. അവരുടെ സന്തോഷപരിപൂർണ്ണത ഭാവിയിൽ അവക്കായി കാത്തിരിക്കുന്നു. ദൈവം തന്റെ സന്തോഷം തന്റെ ജനവുമായി പങ്കുവയ്ക്കുന്നതു കൊണ്ട് അത് ഇപ്പോൾ മുൻകൂട്ടി രുചിച്ചു നോക്കുവാൻ അവർക്ക് കഴിയും. നാം സത്യദൈവവുമായും അവന്റെ ധന്യാവസ്ഥയുമായും ബന്ധിക്കപ്പെടുമ്പോൾ മാത്രമേ നാം യഥാർത്ഥ ഭാഗ്യവസ്ഥയിലായി തീരുന്നുള്ളൂ. ഈ ദൈവരാജ്യം കർത്താവ് നമുക്കായി നിത്യതയിൽ ഒരുക്കിക്കൊണ്ടിരിക്കുന്ന പുതിയ യെരുശലേമിനെ കാണിക്കുന്നു. പുതിയ യെരുശലേമിൽ പ്രവേശിക്കുവാൻ ദൈവം സഭയ്ക്ക് കല്പിച്ചിരിക്കുന്ന ഉപദേശപ്രകാരം നാം ജീവിക്കണം. മാനസാന്തരപ്പെട്ട്, ജലസ്നാനം സ്വീകരിച്ച്, കാത്തിരുന്ന് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച്, വേർപാടു ജീവിതം അനുഷ്ഠിച്ച് സമ്പൂർണ്ണ വിശുദ്ധീകരണം പ്രാപിച്ച് ജയാളികളായി തീരുന്നവർക്കാണ് ദൈവരാജ്യം അവകാശമാക്കുവാൻ കഴിയുന്നത്.


അറിയിപ്പ്


ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഇത് അഭിമാന നിമിഷം

## ഞാൻ എന്തുകൊണ്ട് റവ. സി. സി. തോമസിനെ പിന്തുണച്ചു

എനിക്കും പറയാനുണ്ട്



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ബിലീവേഴ്സ് ജേണൽ പ്രസിദ്ധീകരണം ആരംഭിച്ചിട്ട് 17 വർഷങ്ങൾ ആയിരിക്കുന്നു. ദുരുപദേശങ്ങൾക്കും പെന്തെക്കോസ്ത് സമൂഹത്തിലെ അഴിമതിക്കുമെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി ഒരു ടീം വർക്കായിരുന്നു ബിലീവേഴ്സ് ജേണൽ. അതിന് വലിയ പിന്തുണ വായനക്കാരിൽ നിന്നും ജേണലിന് ലഭിച്ചു. പെന്തെക്കോസ്ത് നേതൃത്വത്തിലേക്ക് ആത്മീയ കാഴ്ചപ്പാടുള്ള അഴിമതിക്കാരല്ലാത്ത നേതാക്കന്മാർ വരണമെന്ന് ജേണൽ ആദ്യമുതൽ തന്നെ നിലപാട് എടുക്കുകയും ആ നിലയിൽ എഴുത്തുകളിലൂടെ അത് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ മിക്കവാറും എല്ലാംതന്നെ കെടുകാര്യസ്ഥതയും സ്വജന പക്ഷവാദവും അഴിമതിയും കൊടികുത്തി വാഴുന്ന ഘട്ടത്തിലാണ് ജേണലിന്റെ എഴുത്തുകൾ സമൂഹത്തിൽ വലിയ ചലനം സൃഷ്ടിച്ചത്.

ഞാൻ കൂടി ഉൾപ്പെടുന്ന ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ പല പോരായ്മകളെയും വിമർശിച്ച് ലേഖനങ്ങൾ അക്കാലത്ത് എഴുതിയിരുന്നു. വലിയൊരു മാറ്റത്തിനായി ഞങ്ങൾ നടത്തിയ ആഹ്വാനം അക്ഷരികമായി ചർച്ച് ഓഫ് ഗോഡിൽ മാറ്റം കൊണ്ടുവന്നു. നേതൃത്വത്തിലേക്ക് ഇനി ആര് എന്നറിയുവാൻ ബിലീവേഴ്സ് ജേണൽ നടത്തിയ അഭിപ്രായ സർവ്വേ ശുശ്രൂഷക മനസ്സുകളെ വായിച്ചറിഞ്ഞ് നൂറുശതമാനം വിജയമായി.

1994 കാലഘട്ടത്തിലാണ് ഞാൻ സി. സി. തോമസ് സാറിനെ പരിചയപ്പെടുന്നത്. ഏറെ ചുറുചുറുക്കോടെ ഉത്സാഹശാലിയായ ശുശ്രൂഷകൻ എന്ന നിലയിൽ എല്ലാവർക്കും വളരെ പെട്ടെന്ന് പരിചിതനായി ഇദ്ദേഹം മാറി. ക്രമേണ ദൈവസഭയുടെ വിവിധ തലങ്ങളിൽ ഔദ്യോഗിക ചുമതലകൾ വഹിച്ച സി. സി. തോമസ് സാർ പഠനത്തിനും ശുശ്രൂഷയ്ക്കുമായി അമേരിക്കയിലേക്ക് ചേക്കേറി. എട്ട് വർഷങ്ങൾ അവിടെ ശുശ്രൂഷയിൽ ആയിരിക്കുമ്പോഴും കേരളക്കരയിലെ ദൈവദാസന്മാരുമായി ഹൃദ്യമായ ബന്ധം കാത്തുസൂക്ഷിച്ചു. അക്കാലത്ത് കേരളത്തിൽ ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനം പ്രതിസന്ധിയുടെ ഘട്ടത്തിലൂടെ നീങ്ങുകയായിരുന്നു. ഒരു കൂട്ടം ആളുകൾ സഭയെ ഹൈജാക്ക് ചെയ്ത് തങ്ങളുടെ ഇംഗിതത്തിനായി ഉപയോഗിച്ചുവരികയായിരുന്നു. വേൾഡ് മിഷനുമായുള്ള ബന്ധം അവസാനിപ്പിച്ച് ഇതിനെ സ്വതന്ത്ര പ്രസ്ഥാനമാക്കി കൊണ്ടു നടക്കാനും മറ്റും രഹസ്യ അജണ്ടകളിലൂടെ അന്നത്തെ നേതൃത്വം നീങ്ങിയപ്പോൾ അതിനെതിരെ ശക്തമായി പ്രതികരിച്ച ഒരു ചെറിയ കൂട്ടം ശുശ്രൂഷകരോടൊപ്പം ബിലീവേഴ്സ് ജേണലും നിലകൊണ്ടു.



റവ. സി. സി. തോമസ്

ഭരണത്തിന്റെ മറവിൽ സ്വാർത്ഥതാൽപര്യമുള്ള ചില വിശ്വാസികൾ ശുശ്രൂഷകരെ അവഹേളിക്കുകയും ഭരണം തങ്ങളുടെ കൈപ്പിടിയിലൊതുക്കുകയും ചെയ്ത് അഴിമതിയും സ്വാർത്ഥതയും മുഖമുദ്രയാക്കി സഭയെ ഉപയോഗിച്ചുവരുന്നതിനെതിരെ ജേണൽ ശക്തമായ നിലപാടെടുത്തു. ഒരു മാറ്റം ആവശ്യമാണെന്ന് ശുശ്രൂഷകർക്കും ബഹുഭൂരിപക്ഷം വിശ്വാസികൾക്കും ബോധ്യമായി. അക്കാലത്താണ് ജേണൽ നടത്തിയ അഭിപ്രായ സർവ്വേയിൽ റവ. സി.സി. തോമസിനെ ജനം അടുത്ത ഓവർസീയറായി പിന്തുണച്ച് ജനം രംഗത്ത് വന്നത്. പിന്നീട് ഒരു കൂട്ടം ആളുകൾ ജേണലിനെയും വ്യക്തിപരമായി എന്നെയും തകർക്കുവാൻ പരസ്യമായി രംഗത്ത് വന്നു. ഭീഷണിയിലൂടെയും മറ്റും വരുതിയിലാക്കുവാൻ ശ്രമിച്ചിട്ട് നടക്കാതെ വന്നപ്പോൾ അനുരഞ്ജനത്തിന്റെയും സമ്മാനദാനങ്ങളുടെയും പാതയിലൂടെ ശ്രമിച്ചുനോക്കി. എന്നാൽ നിലപാടുകളിൽ ഉറച്ചുനിൽക്കുവാൻ ബിലീവേഴ്സ് ജേണൽ തീരുമാനിച്ചു. അതുകൊണ്ട് വ്യക്തിഹത്യയും പോരാട്ടവും കൊണ്ട് അടിച്ചമർത്തുവാൻ ആവത് ശ്രമം നടന്നു. എന്നാൽ കാലം ജേണലിന്റെ നിലപാട് ശരി വെച്ചു. റവ. സി. സി. തോമസിന്റെ പേര് അഭിപ്രായ സർവ്വേയിൽ വന്നപ്പോൾ പലരും അത്ഭുതപ്പെട്ടു. ഇദ്ദേഹത്തെ അനുകൂലിക്കരുത് എന്ന ആവശ്യവുമായി സ്വാധീനിക്കുവാൻ ധാരാളം പേർ വന്നു. എന്നാൽ അത്തരം സ്വാധീനങ്ങളെ ചെറുത്തു നിന്നതുകൊണ്ട് വ്യക്തിപരമായി നഷ്ടങ്ങളും വേദനകളും വലിയ തോതിൽ സഹിക്കേണ്ടിയും വന്നു.

ഞാൻ എന്തുകൊണ്ട് റവ. സി. സി. തോമസിനെ പിന്തുണച്ചു എന്ന് അനേകർ എന്നോട് ചോദിച്ചിട്ടുണ്ട്. ദൈവസഭയുടെ ശുഭകരമായ ഭാവിക്കും കാലഘട്ടത്തിനനുസൃതമായ വളർച്ചയ്ക്കും അഴിമതിരഹിതമായ ഭരണത്തിനും ഒപ്പം ദൈവദാസന്മാരുടെ അഭിമാനം വീണ്ടെടുക്കുന്നതിനും അദ്ദേഹത്തിന്റെ നേതൃത്വത്തിന് കഴിയുമെന്ന് പല തവണ ഞാൻ ജേണലിൽ എഴുതി. അക്ഷരംപ്രതി അത് യാഥാർത്ഥ്യമായി എന്നതിൽ ഒരു മാധ്യമ പ്രവർത്തകൻ എന്ന നിലയിലും ചർച്ച് ഓഫ് ഗോഡ് അംഗം എന്ന നിലയിലും എനിക്ക് അഭിമാനമുണ്ട്. 2016-ൽ ഇദ്ദേഹം ബഹുഭൂരിപക്ഷം ശുശ്രൂഷകരുടെ പിന്തുണയോടെ ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മൂന്നരമാസത്തോളം സ്ഥാനം വിട്ടുകൊടുക്കാതെയും ബംഗ്ലാവ് ഒഴിഞ്ഞ് കൊടുക്കാതെയും കോടതിവ്യവഹാരത്തിലേക്ക് വലിച്ചിഴച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ അന്നത്തെ നേതാവും അണികളും ആവതു ശ്രമിച്ചു. റവ. കെൻ ആൻഡേഴ്സിനെ അറസ്റ്റ് ചെയ്യിക്കുവാനും അണിയറയിൽ അന്ന് ചില കേന്ദ്രങ്ങൾ തന്ത്രങ്ങൾ ഒരുക്കി. എന്നാൽ അതിനെയെല്ലാം അതിജീവിച്ച് റവ. സി. സി. തോമസ് 8 വർഷക്കാലം ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിലെ മികച്ച ഓവർസിയറായി സേവനം അനുഷ്ഠിച്ചു. കാലത്തിന്റെ ചുവരെഴുത്ത് വായിച്ച ദീർഘദർശിയായ ഭരണ കർത്താവായിരുന്നു അദ്ദേഹം. മികച്ച കെട്ടുപണിയിലൂടെ സഭയ്ക്ക് അഭിവൃദ്ധിയുടെ പടവുകൾ ചവിട്ടുവാൻ കഴിഞ്ഞു. ആത്മീയ മുന്നേറ്റത്തിലൂടെ സഭയുടെ വളർച്ചയുടെ കാലഘട്ടമായി ഇത് മാറി. കോടതിവ്യവഹാരങ്ങളില്ലാത്ത, സംഘർഷഭരിതമല്ലാത്ത നാളുകൾ സഭയ്ക്ക് സമാധാനത്തിന്റെ കാലമായിരുന്നു. ദൈവദാസന്മാരുടെ സന്ധാരണം, ക്ഷേമം ഇവ മുഖ്യ അജണ്ടയായിരുന്നു. അഭിമാനത്തോടെ ശുശ്രൂഷ ചെയ്യുവാൻ അവർക്ക് അവസരം ലഭിച്ചു. വിജയകരമായ ഒരു ദൗത്യം പൂർത്തീകരിച്ചു അദ്ദേഹം പടിയിറങ്ങുകയല്ല പടി കയറുകയാണ് പുതിയ ഒരു ദൗത്യത്തിനായി. ഒരു ഏഷ്യൻ വംശജന് ആദ്യമായി ലഭിക്കുന്ന പദവി റവ. സി. സി. തോമസിനെ തേടിയെത്തുമ്പോൾ ബിലീവേഴ്സ് ജേണലിനും അഭിമാനത്തോടെ തലയുയർത്തി നിൽക്കുവാൻ കഴിയുന്നു. ശിരസ്സ് ഉയർത്തിതന്നെ റവ. സി. സി. തോമസ് പുതിയ ദൗത്യത്തിനായി പുറപ്പെടുമ്പോൾ ഇത് അഭിമാന നിമിഷമാണ്. എല്ലാ ഭാവുകങ്ങളും.

# വേദപഠനം

ഭാഗം – 37



പാസ്റ്റർ പി.ജി. ഏബ്രഹാം




സ്വർഗീയ ദർശനത്തിന്റെ മനോഹാരിതയും, സമ്പത്തും പ്രാർത്ഥനയിലൂടെ അനുഭവമാക്കാൻ കഴിയണം.

രണ്ടാം കാരാഗൃഹപ്രാർത്ഥനയുടെ പ്രധാനഘടകങ്ങൾ (3:16–19)

1. അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടണം. വാ.16 ബലപ്പെടേണ്ടതിന് രണ്ടു പ്രബല തത്വങ്ങൾ:

a. മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം

b. ആത്മാവിനാൽ

a. മഹത്വത്തിന്റെ ധനം (glorious, Unlimited resources. NLT) ഇതു അക്ഷരീക ധനമല്ല. (not material wealth); ദൈവമഹത്വമെന്ന ധനമാണ്. ദൈവ മഹത്വത്തിന്റെ അത്യന്തധനം വെളിപ്പെട്ടത് യേശുക്രിസ്തുവിന്റെ മരണ, പുനരുത്ഥാനത്തിലൂടെയാണ്. വിശ്വാസത്താൽ ക്രിസ്തു നമ്മുടെ ഉള്ളങ്ങളിൽ വസിക്കുമ്പോഴാണ് ദൈവമഹത്വത്തിന്റെ ധനം നാം അനുഭവിക്കാൻ കഴിയുന്നത്.

ദൈവമഹത്വം അമൂർത്തമായ ദ്രാവകമല്ല അതു ദൈവാസ്തിത്വത്തിന്റെ അന്തസത്തയാണ്. (God's glory is not an abstract blob, but it is an essence of the existence of God).

ദൈവത്തിൽ നിന്നുള്ള ധനം എന്തെല്ലാമാണ്?

1. കൃപയുടെ അത്യന്തധനം. 1:7
2. അവകാശത്തിന്റെ മഹിമാധനം. 1:18
3. കരുണയുടെ സമ്പന്നത. 2:4
4. ക്രിസ്തുവിന്റെ അപ്രമേയ ധനം. 3:8
5. മഹത്വത്തിന്റെ ധനം. 3:16

ഫിലിപ്പിയർ 4:19ൽ മഹത്വത്തോടുകൂടിയ ധനത്തെപ്പറ്റി രേഖപ്പെടുത്തുന്നു. ഇവിടെ ഒരു പ്രത്യേകതയുണ്ട്. ഭൗതീക നന്മയെപ്പറ്റി വിശദമാക്കുന്ന ഒരു ഭാഗമാണിത്. "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോട് തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായ് തീർത്തുതരും." ദൈവമഹത്വം എത്രയോ വലുതാണ്. അതിനൊത്തവണ്ണം ദൈവീക ധനവും ശ്രേഷ്ഠമാണ്.

ഒരു ക്രിസ്തു വിശ്വാസി തന്റെ ജീവിതത്തെപ്പറ്റി ആശങ്കപ്പെടേണ്ട കാര്യമില്ല. നിങ്ങളെ സഹായിപ്പാൻ ദൈവത്തിന് കഴിയില്ലയെന്നുണ്ടോ? ദൈവത്തിൽ ആശ്രയിപ്പാനുള്ള ആഹ്വാനം കൂടി ഇവിടെ കാണുന്നു (മത്താ. 7:9–11).

ഒരു വിശ്വാസിയുടെ സമ്പത്ത് ദൈവമാണ്. "ബുദ്ധിമുട്ടൊക്കെയും": നമ്മുടെ എല്ലാ ബുദ്ധിമുട്ടുകളും പരിഹരിപ്പാൻ ദൈവത്തിനു കഴിയും, എന്നാൽ എല്ലായ്പ്പോഴും എല്ലാം നമ്മുടെ പ്രതീക്ഷക്കൊത്തു പരിഹരിക്കുന്നില്ല. കാരണം, അവ ദൈവത്തിന്റെ ഹിതത്തിൽപ്പെട്ടതല്ല. നമുക്ക് ആവശ്യമെന്ന് നാം കരുതുന്നതെല്ലാം ദൈവത്തിന് നമ്മെക്കുറിച്ചുള്ള ആഗ്രഹം (will) ഉന്നതമാണ്; അതു ഭൗതീകമല്ലതാനും. അതു തിരിച്ചറിയുവാനുള്ള കഴിവാണ് ആത്മീയതയുടെ ആദ്യപടി.

"മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം" 3:16

പ്രാർത്ഥനയിൽ ഉപയോഗിക്കുന്ന ഈ ആശയം ദൈവമഹത്വത്തിന്റെ ശ്രേഷ്ഠതയെയാണ് വർണ്ണിക്കുന്നത്. ദൈവമഹത്വം ദൈവത്തോളം ഉന്നതമാണ്; അതു വലിയ നിക്ഷേപമാണ്; ഔന്നത്യമുള്ളതാണ്. മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം പ്രാപിക്കേണ്ടത് ആത്മാവാണ്.

**b. ആത്മാവിനാൽ**

'ദൈവാത്മാവിനാൽ' എന്നർത്ഥം. അതിരുകളില്ലാത്ത ആത്മാവിന്റെ പ്രവാഹം ദൈവമഹത്വത്തിന് തത്തുല്യമാണ് ദൈവാത്മാവിന്റെ വ്യാപ്തിയും. "ആത്മാവിൽ": ക്രിസ്തീയ ജീവിതത്തിന്റെ പ്രായോഗിക പരിശീലന സഹായിയായിട്ട് നിലനില്ക്കുന്നു.

പൗലോസ് അനുഭവിക്കുന്ന പീഢനം നിമിത്തം ദൈവസഭ തളർന്നുപോകരുതെന്നു താൻ ആഗ്രഹിക്കുന്നു. എഫെസോസ് സഭയുടെ ധൈര്യം ചോർന്നു പോകരുതെന്ന് ആഗ്രഹിച്ചുകൊണ്ട് അവരെ കർത്താവിൽ ധൈര്യപ്പെടുത്തുകയാണ്.

രണ്ടാം കാരാഗൃഹ പ്രാർത്ഥനയിലെ ഘടകങ്ങൾ 3ഛ1621

1. അകത്തെ മനുഷ്യൻ ശക്തിയോട് ബലപ്പെടണം വാ. 16
2. ക്രിസ്തു ഹൃദയങ്ങളിൽ വസിക്കണം വാ. 17
3. സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെടണം വാ. 17
4. സ്നേഹത്തിന്റെ വീതി, നീളം, ആഴം, ഉയരം എന്നിവ ഗ്രഹിക്കണം വാ. 18
5. ക്രിസ്തുവിൽ സ്നേഹത്തെ അറിയണം വാ. 19
6. ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരണം വാ. 19

(തുടരും)


COMMERCIAL & RESIDENTIAL
Real Estate - Texas
STRIDE
JOBIN PRIYAN
GROUP
www.jpgrouprealtors.com
JOBIN JOHNSON
REAL ESTATE PROFESSIONAL
832.391.5000
BEYOND LOVE
THE M. JOHNSON FOUNDATION
7070 Knights Court
Missouri City, Texas

ലേഖനം

# നാലാം വ്യവസായിക വിപ്ലവത്തിന്റെ ചാലകശക്തി



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ

ലോക ചരിത്രത്തിലെ ഒരു പ്രധാന ഭാഗം വ്യാവസായിക വിപ്ലവമായിരുന്നു. രാജ്യങ്ങൾ ചരക്ക് ഉൽപ്പാദിപ്പിക്കുന്ന രീതിയെ മാറ്റി മറിച്ച ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. വ്യാവസായിക വിപ്ലവകാലത്ത്, ഗ്രാമീണ, കാർഷിക സമൂഹങ്ങളെ നഗര, വ്യാവസായിക സമൂഹങ്ങളാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള നിർമ്മാണ പ്രക്രിയകളിൽ പുതിയ ആശയങ്ങളും നൂതനത്വങ്ങളും നടന്നു. വ്യവസായിക വിപ്ലവങ്ങൾ ചരക്കുകളുടെ ഉൽപ്പാദനത്തിലും നിർമ്മാണത്തിലും മാറ്റം വരുത്തി. വ്യാവസായിക വിപ്ലവം ലോക ചരിത്രത്തിൽ വളരെ പ്രാധാന്യമുള്ള ഒരു കാലഘട്ടമായിരുന്നു. പുതിയ മാറ്റങ്ങൾ ജന ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിച്ചു. അത് ജനങ്ങളുടെ ജീവിത നിലവാരത്തിൽ വ്യതിയാനം വരുത്തി.

ലോകത്തിൽ പലവിധത്തിലുള്ള വ്യവാസായിക വിപ്ലവം നടന്നിട്ടുണ്ട്. അതിൽ പ്രധാനമായത് നാലെണ്ണമാണ്. ആദ്യത്തെ വ്യാവസായിക വിപ്ലവം കൈകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന രീതികളിൽ നിന്ന് ആവി ശക്തിയുടെയും ജലശക്തിയുടെയും ഉപയോഗത്തിലൂടെ യന്ത്രങ്ങളിലേക്കുള്ള പരിവർത്തനമാണ് അടയാളപ്പെടുത്തിയത്. പുതിയ സാങ്കേതികവിദ്യകൾ നടപ്പിലാക്കാൻ വളരെ സമയമെടുത്തു, അതിനാൽ ഇത് സൂചിപ്പിക്കുന്ന കാലഘട്ടം 1760 നും 1820 നും ഇടയിലാണ്, അല്ലെങ്കിൽ യൂറോപ്പിലും അമേരിക്കയിലും 1840 ആയിരുന്നു. ടെക്സ്റ്റൈൽ നിർമ്മാണത്തിൽ അതിന്റെ പ്രത്യാഘാതങ്ങൾ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി, അത്തരം മാറ്റങ്ങൾ ആദ്യമായി സ്വീകരിച്ചത് ഇരുമ്പ് വ്യവസായം, കൃഷി, ഖനനം എന്നിവയിലാണെങ്കിലും അത് എക്കാലത്തെയും ശക്തമായ മധ്യവർഗത്തിൽ സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കി.

രണ്ടാമത്തെ വ്യാവസായിക വിപ്ലവം, സാങ്കേതിക വിപ്ലവം എന്നും അറിയപ്പെടുന്നു, ഇത് 1871 നും 1914 നും ഇടയിലുള്ള കാലഘട്ടമാണ്, ഇത് വിപുലമായ റെയിൽറോഡ്, ടെലിഗ്രാഫ് ശൃംഖലകളുടെ ഇൻസ്റ്റാളേഷനുകളുടെ ഫലമാണ്, ഇത് ആളുകളെയും ആശയങ്ങളെയും വേഗത്തിൽ കൈമാറ്റം ചെയ്യാൻ അനുവദിച്ചു. വൈദ്യുതീകരണം വർദ്ധിപ്പിക്കുന്നത് ഫാക്ടറികൾക്ക് ആധുനിക ഉൽപ്പാദന ലൈൻ വികസിപ്പിക്കാൻ അനുവദിച്ചു . ഉൽപ്പാദനക്ഷമതയിൽ വർധനവുണ്ടായ വലിയ സാമ്പത്തിക വളർച്ചയുടെ കാലഘട്ടമായിരുന്നു അത്, നിരവധി ഫാക്ടറി തൊഴിലാളികളെ യന്ത്രങ്ങളാൽ മാറ്റിസ്ഥാപിച്ചതിനാൽ ഇത് തൊഴിലില്ലായ്മയുടെ കുതിച്ചുചാട്ടത്തിനും കാരണമായി.

മൂന്നാം വ്യാവസായിക വിപ്ലവം, ഡിജിറ്റൽ ഇലക്ട്രോണിക്സ് വിപ്ലവം എന്നും അറിയപ്പെടുന്നു, 20ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, രണ്ട് ലോകമഹായുദ്ധങ്ങൾക്ക് ശേഷം, മുൻ കാലഘട്ടങ്ങളെ അപേക്ഷിച്ച് വ്യാവസായികവൽക്കരണത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും മാന്ദ്യത്തിന്റെ ഫലമായി സംഭവിച്ചു. ബൈനറി ഫ്ലോട്ടിംഗ് പോയിന്റ് നമ്പറുകളും ബൂളിയൻ ലോജിക്കും ഉപയോഗിച്ച Z1 കമ്പ്യൂട്ടറിന്റെ നിർമ്മാണം , ഒരു ദശാബ്ദത്തിന് ശേഷം, കൂടുതൽ വിപുലമായ ഡിജിറ്റൽ സംഭവവികാസങ്ങളുടെ തുടക്കമായിരുന്നു. ഡിജിറ്റൽ കമ്മ്യൂണിക്കേഷൻസ് സാങ്കേതികവിദ്യയുടെയും പുനരുപയോഗ ഊർജത്തിന്റെയും വിഭജനത്തെ കേന്ദ്രീകരിച്ച് 2011ൽ ജെറമി റിഫ്കിൻ എഴുതിയ മൂന്നാം വ്യാവസായിക വിപ്ലവം എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഇത് വൈസ് മീഡിയ 2017 ൽ ഒരു ഡോക്യുമെന്ററി ആക്കി .

നാലാം വ്യാവസായിക മാറ്റത്തിന്റെ ഈ ഘട്ടത്തിന്റെ ഒരു ഭാഗമാണ് കൃത്രിമബുദ്ധി, ജീൻ എഡിറ്റിംഗ്, ഭൗതിക, ഡിജിറ്റൽ, ജൈവ ലോകങ്ങൾക്കിടയിലുള്ള രേഖകൾ മങ്ങിക്കുന്ന നൂതന റോബോട്ടിക്സ് തുടങ്ങിയ സാങ്കേതികവിദ്യകൾ ചേരുന്നത്. 1990 കളുടെ അവസാനത്തിലും 2000 കളുടെ തുടക്കത്തിലും ഡിജിറ്റൽ യുഗത്തിൽ നിന്ന് സമൂഹത്തിലെ സർവ്വവ്യാപിയായ സാങ്കേതികവിദ്യ കൊണ്ട് വേർതിരിച്ചെടുത്ത എംബഡഡ് കണക്റ്റിവിറ്റിയുടെ ഒരു യുഗത്തിലേക്കുള്ള സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ മാറ്റത്തെയും ഇത് പ്രതിനിധീകരിക്കുന്നു. അവരുടെ ചുറ്റുമുള്ള ലോകം. മനുഷ്യരുടെ മാത്രം സ്വാഭാവികമായ ഇന്ദ്രിയങ്ങളോടും വ്യാവസായിക കഴിവുകളോടും താരതമ്യപ്പെടുത്തുമ്പോൾ നാം ഒരു വികസിത സാമൂഹിക യാഥാർത്ഥ്യത്തെ സൃഷ്ടിച്ചുവെന്നും അതിലേക്ക് പ്രവേശിക്കുകയാണെന്നും ഇത് അഭിപ്രായപ്പെടുന്നു.

നാലാം വ്യാവസായിക വിപ്ലവത്തിന്റെ പ്രധാന ചാലകശക്തിയായാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കാണപ്പെടുന്നത്. സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമായി ഇതിനെ വ്യാഖ്യാനിക്കുമ്പോഴും, സാമൂഹ്യ മാധ്യമങ്ങൾ വലിയതോതിൽ വ്യത്യസ്ത ആവശ്യങ്ങൾക്കായി ഇതിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നുണ്ട്. ലോകത്തിലെ പ്രധാനപ്പെട്ട സെർച്ച് എൻജിനുകളും എ ഐ സാധ്യതയെ ഉപയോഗിക്കുന്നു. അങ്ങനെ എല്ലാ മേഖലകളെയും സ്വാധീനിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു കൗതുക ശാസ്ത്രം എന്നതിനപ്പുറം നിത്യജീവിതത്തിൽ നാം അറിയാതെ തന്നെ സ്വാധീനം ചെലുത്തുന്ന ഒരു ശാസ്ത്രശാഖയായി മാറിക്കഴിഞ്ഞു. സാങ്കേതികവിദ്യ വളരുന്നതോടെ നഷ്ടമാകുന്ന ജോലികളെക്കാൾ കൂടുതൽ പുതിയ ജോലികൾ സൃഷ്ടിക്കപ്പെടുന്നു എന്നതാണ് മറുവശം. കഴിഞ്ഞ 500 വർഷത്തെ വ്യവസായിക, സാങ്കേതികവിദ്യ മുന്നേറ്റ ചരിത്രവും ഇതുതന്നെയാണു നമുക്കു കാട്ടിതരുന്നത്. ഒരു മേഖലയിൽ ജോലി ചെയ്യുന്നവർ ഒഴിവാക്കപ്പെടുമ്പോൾ അതിലേറെ തൊഴിലവസരങ്ങൾ വൈദഗ്ധ്യം ആവശ്യമുള്ള മറ്റു മേഖലകളിൽ കൂട്ടിചേർക്കപ്പെടും. ഈ രംഗത്തെ ആശങ്കകൾ ശരിയാണെങ്കിൽ ജപ്പാൻ, കൊറിയ, ജർമ്മനി തുടങ്ങിയ യന്ത്രവൽക്കരണ രംഗത്തു മുന്നേറ്റം നടത്തിയ രാജ്യങ്ങളിൽ കഴിഞ്ഞ നാലഞ്ചു ദശാബ്ദങ്ങളായി തൊഴിലില്ലായ്മ വൻ തോതിൽ കൂടേണ്ടതാണ്. എന്നാൽ, സ്ഥിതി അങ്ങനെയല്ല.

ഇപ്പോൾ നടക്കുന്ന പല ജോലികളും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ പരിഷ്ക്കരിക്കപ്പെടും എന്നും ഏതാണ്ട് എല്ലാ ബിസിനസ്സുകളുടെയും പശ്ചാത്തല പ്രവർത്തനങ്ങളുടെ മുഖ്യ പിൻബലം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആയി മാറും എന്നുമായിരിക്കും വരുന്ന ദശാബ്ദങ്ങളിൽ സംഭവിക്കാൻ പോകുന്നത്. പല അർദ്ധ വൈദഗ്ധ്യ ജോലികളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴി ഇല്ലാതാക്കപ്പെടും. അതേ സമയം മാനുഷിക ഇടപെടലുകൾ വേണ്ടിവരുന്ന ഒരു ജോലിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസു കൊണ്ട് ഇല്ലാതാക്കപ്പെടില്ല. അതോടൊപ്പം തന്നെ മാനുഷിക ചിന്താശേഷി ആവശ്യമുള്ള സംരംഭകത്വം, തന്ത്രപരമായ ചിന്ത, സാമൂഹിക നേതൃത്വ പാടവം, വില്പനാശേഷി, തത്വചിന്ത തുടങ്ങി പല മേഖലകൾക്കും വേണ്ടിയുള്ള ആവശ്യം ഏറെ വർധിക്കുകയും ചെയ്യും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അതിന്റേതു മാത്രമായ നേതൃത്വം നൽകുന്ന ഒന്നായിരിക്കുകയില്ല. അതിനോടൊപ്പം ഉയർന്ന വൈദഗ്ധ്യമുള്ള ജോലിക്കാരുടെ ആവശ്യം വൻതോതിൽ വർധിക്കുകയും ചെയ്യും. അതിനാൽ ഇത്തരത്തിലുള്ള മാറ്റങ്ങൾക്കായി തയാറെടുക്കുകയും കാത്തിരിക്കുകയും ചെയ്യുക എന്നതാണ് ഇവിടെ ആവശ്യമായിട്ടുള്ളത്. വേദപുസ്തക പ്രവചനത്തിന്റെ ഏറ്റവും വലുതും ശ്രേഷ്ഠമേറിയതുമായ പൂർത്തികരണമാണ് ഇതിലൂടെ സംഭവിക്കുന്നത്.

# അമേരിക്കയിലുള്ള പാസ്റ്റർമാരേയും മിഷനറിമാരേയും ആദരിക്കുന്നു

രാജൻ ആര്യപ്പള്ളി,
നാഷണൽ മീഡിയാ
കോർഡിനേറ്റർ

**ബോസ്റ്റൺ:** 2024 ഓഗസ്റ്റ് 8–11 വരെ ബോസ്റ്റണിൽ നടക്കുന്ന നോർത്ത് അമേരിക്കൻ ഐപിസി ഫാമിലി കോൺഫറൻസിൽ അർഹരായ പാസ്റ്റർമ്മാർക്കും, മിഷനറിമാർക്കും നോർത്ത് അമേരിക്ക 2024 മിഷൻ അവാർഡ് ബഹുമതി നൽകി ആദരിക്കും.

അമേരിക്കയിലും, ഇന്ത്യയിലും മറ്റ് രാജ്യങ്ങളിലുമായി മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദീർഘകാലമായി സേവനം ചെയ്തുവരുന്ന പാസ്റ്റർമാരേയും മിഷനറിമാരേയും ആദരിക്കുന്നു.

സുവിശേഷത്തിന്റെ ദൗത്യം മാതൃകയാക്കി ജീവിക്കുകയും മഹത്തായ സുവിശേഷ പ്രവർത്തനങ്ങൾക്ക് വിവിധ രീതിയിൽ നേതൃത്വം നൽകുകയും ചെയ്യുന്ന പെന്തക്കോസ്ത് സമൂഹത്തിലെ അംഗങ്ങൾക്കാണ് ഈ അംഗീകാരം നൽകുന്നത്.

സുവിശേഷവത്കരണം, സഭകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുക, ചാരിറ്റി പ്രവർത്തനങ്ങൾ, ബൈബിൾ സ്കൂൾ/സെമിനാരി, മാധ്യമ ശുശ്രൂഷ എന്നീ മഹത്തായ പ്രവർത്തനങ്ങൾക്ക് പ്രചോദനം ഉൾക്കോണ്ട മാർഗനിർദ്ദേശ മൂല്യങ്ങളെ അടിസ്ഥാനമാക്കി നിങ്ങളുടെ അപേക്ഷകൾ നൽകുക.

ഫോറം പൂരിപ്പിച്ച് നിങ്ങൾക്ക് സ്വന്തമായോ, വ്യക്തമായ അറിവുള്ള മറ്റ് ആരെയെങ്കിലുമോ ശുപാർശ ചെയ്യാം. https://forms.gle/DRFSk7AZreDwgkce8 കൂടുതൽ വിവരങ്ങൾ അറിയുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുമായി ബന്ധപ്പെടുക www.ipcfamilyconference.org

ഐപിസി ഫാമിലികോൺഫറൻസ് 2024 ദേശീയ ഭാരവാഹികളായ പാസ്റ്റർ ഡോ. തോമസ് ഇടുക്കള (ചെയർമാൻ), ബ്രദർ വെസ്ലി മാത്യു (സെക്രട്ടറി), ബ്രദർ ബേവൻ തോമസ് (ട്രഷറർ), ഡോ. മിനു ജോർജ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ രേഷ്മ തോമസ് (ലേഡീസ് കോർഡിനേറ്റർ), പാസ്റ്റർ മാമ്മൻ വർഗീസ് (പ്രാർത്ഥന കോർഡിനേറ്റർ), ബ്രദർ രാജൻ ആര്യപ്പള്ളിൽ (മീഡിയ കോർഡിനേറ്റർ) എന്നിവരോടൊപ്പം നിലവിലുള്ള നാഷണൽ, ലോക്കൽ കമ്മിറ്റികൾ 2024 ലെ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു.

ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലഡല്ഫിയ, ടൊറൊന്റൊ, മേരിലാൻഡ് എന്നിവിടങ്ങളിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നും റോഡ് മാർഗം എത്തിച്ചേരാവുന്ന ദൂരത്തിലാണ് കൺവൻഷൻ സെന്റർ. ജൂൺ 15ന് മുമ്പ് രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ഡിസ്കൗണ്ട് നിരക്ക് ലഭിക്കുവാനും സമ്മേളന പങ്കാളിത്തം ഉറപ്പാക്കുവാനും കോൺഫറൻസിന്റെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സംഘാടക സമിതി അഭ്യർത്ഥിക്കുന്നു.

01 ◀ ഹൂസ്റ്റണിൽ ഇനി...

ക്ഷനുകളിലും ഗാനങ്ങളാലപിക്കും. എബിൻ അലക്സ്, ഐപ്പ് ഐസക്ക്, സാബി കോശി, എബി എബ്രഹാം എന്നിവ വർഷിപ്പ് ടീമിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. റ്റിജു തോമസ്, പാസ്റ്റർ സണ്ണി താഴാംപള്ളം, സജിമോൻ ജോർജ്, ജോർജ് നൈനാൻ, ജോഷിൻ ഡാനിയേൽ, ജോബിൻ ജോൺസൻ, തോമസ് വർഗീസ്, ജോസഫ് കുര്യൻ, ഡോ. കുര്യൻ, പാസ്റ്റർ പി.വി മാമ്മൻ, പി.കെ തോമസ്, ബിജു നൈനാൻ എന്നിവരുടെ നേതൃത്വത്തിൽ നാഷണൽ – ലോക്കൽ കമ്മിറ്റികൾ അഹോരാത്രം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

അമേരിക്കയിലും കാനഡയിലുമുള്ള സഭകളിൽ നിന്നായി നിരവധി ശുശ്രൂഷകന്മാരും വിശ്വാസികളുംകോൺഫറൻസിൽ പങ്കെടുക്കും. സ്ത്രീകൾ, യുവാക്കൾ. കുട്ടികൾ എന്നിവർക്കായി പ്രത്യേക മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്. കുര്യൻ സക്കറിയ (നാഷണൽ മീഡിയ കോ-ഓർഡിനേറ്റർ), നിബു വെള്ളവന്താനം (നാഷണൽ പബ്ളിസിറ്റി കോർഡിനേറ്റർ), ഫിന്നി രാജു ഹ്യൂസ്റ്റൺ (നാഷണൽ സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ), ജോയി തുമ്പമൺ (ലോക്ക് പബ്ളിസിറ്റി കോ-ഓർഡിനേറ്റർ), സ്റ്റീഫൻ സാമുവൽ (ലോക്കൽ മീഡിയാ കോ-ഓർഡിനേറ്റർ) എന്നിവരാണ് മീഡിയ ഭാരവാഹികൾ.

സമ്മേളനം അനുഗ്രഹമായിതീരുവാനും വിശ്വാസികൾ പ്രാർത്ഥനയോടെ കോൺഫറൻസിൽ പങ്കെടുക്കുവാനും നാഷണൽ ഭാരവാഹികളായ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നോലിൽ, ബിജു തോമസ്, റോബിൻ രാജു, ആൻസി സന്തോഷ് എന്നിവർ അഭ്യർത്ഥിച്ചു.

നിബു വെള്ളവന്താനം (നാഷണൽ പബ്ളിസിറ്റി കോർഡിനേറ്റർ)

*Website: www.beljourn.com*
*Email: beljourn@gmail.com*

# ഐപിസി മണ്ണാർക്കാട് ഏരിയാ ഭാരവാഹികൾ



**മണ്ണാർക്കാട്:** ഐപിസി മണ്ണാർക്കാട് ഏരിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ കെ.ടി. തോമസ് (പ്രസിഡന്റ്), പാസ്റ്റർ ജോസഫ് ജോർജ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഡേവിസ് പി.ഒ. (സെക്രട്ടറി), സൈജു എബ്രഹാം (ജോയിന്റ് സെക്രട്ടറി), അഗസ്റ്റിൻ ജോസഫ് (ട്രഷർ), പാസ്റ്റർ രാജേന്ദ്രൻ. ആർ (ഇവഞ്ചലിസം ഡയറക്ടർ), പാസ്റ്റർ എം.എം. മികേഷ് (പബ്ലിസിറ്റി), ജോഴ്സൺ ജോർജ് (ചാരിറ്റി), പാസ്റ്റർ സജി പോൾ (പ്രയർ), പാസ്റ്റർ ബിനോയ് പൂന്തോട്ടം, സൈജു എബ്രഹാം (ഓഡിറ്റേഴ്സ്) എന്നിവരെ തിരഞ്ഞെടുത്തു.

# CENTURY 21 ROYAL

## SCARSDALE, NEW YORK

**We aim to provide our clients what they are looking for in a Real Estate experience.**

**We have been providing outstanding service in residential and commercial Real Estate for past 29+ years.**




**GEORGE JOHN**
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com



**STANLEY MATHEW**
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

**We still believe in personal service to all our customers who rely on our dedication, trust and integrity**



www.royalfinehomes.com
www.century21royal.com

**Follow us on:**



**Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700**

# ലേഖനം



ബിനു ജോസഫ്
വടശ്ശേരിക്കര

# ബാലന്റെ വിശ്വാസം



മഴ ഇല്ലാതിരുന്ന ഒരു ഗ്രാമം, അവർ ഒരുമിച്ച് പ്രാർത്ഥനയ്ക്കു വേണ്ടി കൂടി വന്നു. ഒറ്റ ആഗ്രഹം മാത്രം, ദേശത്ത് മഴയുണ്ടാകണം. എല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ തയ്യാറായി. എന്നാൽ കൂട്ടത്തിൽ ഒരു ചെറിയ ബാലൻ വന്നത് വ്യത്യസ്തനായിട്ടായിരുന്നു, അവന്റെ കയ്യിൽ ഒരു കുട കരുതിയിരുന്നു.

പലപ്പോഴും പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിശ്വാസം എന്താണ്? ഉത്തരം ലഭിക്കുമെന്നോ, ഇല്ലെന്നോ ആണോ, അതോ ലഭിക്കുന്നെങ്കിൽ ലഭിക്കട്ടെ എന്ന നിർവികാരതയാണോ?

പ്രാർത്ഥിക്കുന്ന ഒരു വ്യക്തിക്ക് ശിശു സമാനമായ വിശ്വാസവും, താഴ്മയും, ദൈവഭയവും ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടാണ് മേൽപ്പറഞ്ഞ ചെറിയ ബാലൻ കുടയുമായി വന്നത്, അവൻ വിശ്വസിച്ചു, പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുമെന്ന്. അവന് സാഹചര്യങ്ങളെ നോക്കി വിലയിരുത്തുവാനുള്ള പ്രായമായിട്ടില്ലായിരുന്നു. നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആകുവാനാണ് കർത്താവ് പറയുന്നത്.

മീൻപിടുത്തക്കാരനായ പത്രോസിനോട് ആഴത്തിലേക്ക് നീക്കി വല വീശുവാനായി പറഞ്ഞപ്പോൾ, അവൻ ഇങ്ങനെയാണ് മറുപടി പറഞ്ഞത്; 'രാത്രി മുഴുവനും അധ്വാനിച്ചു ഒന്നും ലഭിച്ചില്ല, എങ്കിലും നിന്റെ വാക്കിന് ഞാൻ വല ഇറക്കാം.' (ലൂക്കോ. 5:5)

നമുക്കുണ്ടെന്ന് നാം കരുതുന്ന അറിവുകളും കഴിവുകളും അനുഭവങ്ങളുമൊക്കെ മാറ്റിവെച്ചുകൊണ്ട് ദൈവത്തിൽ വിശ്വസിക്കുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്.

സംഭവിക്കുവാൻ യാതൊരു സാധ്യതയുമില്ലാത്ത ഒരു കാര്യം ദൈവത്താൽ സംഭവിക്കുമെന്ന് യുക്തിരഹിതമായി പ്രതീക്ഷിക്കുമ്പോഴാണ് അത് വിശ്വാസമായി പരിണമിക്കുന്നതും, അങ്ങനെതന്നെ സംഭവിക്കുന്നതും.

കാഴ്ചയാൽ അല്ല വിശ്വാസത്താൽ ആണ് നാം നടക്കേണ്ടത് (2 കൊരിന്ത്യർ 5:7).

ഒരുപക്ഷേ എല്ലാ പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കണമെന്നില്ല, ചില അടിയന്തര പ്രാർത്ഥനകൾക്ക് ദൈവം അപ്പോൾ തന്നെ മറുപടി നൽകുന്നു, ചില സമയത്ത് ദൈവം ഉടനെ മറുപടി ഇല്ല എന്നു പറയുന്നു, മറ്റു ചിലപ്പോൾ കാത്തിരിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു.

എന്താണെങ്കിലും പ്രാർത്ഥനയുടെ ഉത്തരം സന്തോഷത്തോടെ സ്വീകരിക്കാൻ നാം തയ്യാറാകണം. അതുകൊണ്ട് നിരാശപ്പെടേണ്ട കാര്യമില്ല, പ്രാർത്ഥനയിൽ തുടരുക, ഉത്തരം തരുന്ന ഒരു കർത്താവ് നമുക്ക് വേണ്ടി ജീവിക്കുന്നു.

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അപേക്ഷിക്കുന്നത് എല്ലാം ലഭിച്ചു എന്ന് വിശ്വസിക്കാൻ കർത്താവ് പറയുന്നു. അല്പം താമസം നേരിടുന്നു എന്നു നമുക്ക് തോന്നിയാലും തക്ക സമയത്ത് അവിടുന്ന് നമുക്കുവേണ്ടി പ്രവർത്തിക്കും. യുക്തിസഹമായ എല്ലാ ചിന്തകളെയും അറിവുകളെയും അനുഭവങ്ങളെയും മാറ്റിവെച്ചുകൊണ്ട് ശിശുസഹജമായ നിഷ്കളങ്കതയോടെ, ദൈവത്തിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കാം. പ്രാർത്ഥനയ്ക്ക് ഉത്തരം നിശ്ചയമായും ഉണ്ട്.

## 01 നോർത്ത് അമേരിക്കൻ...

മലയാളം കവിത വിഭാഗത്തിലും, അബിഗേൽ ആൻ ഷിബു ഒഹായോ എഴുതിയ 'The secret place' ഇംഗ്ലീഷ് വിഭാഗത്തിലും പുരസ്ക്കാരത്തിന് അർഹത നേടി. റെനി മറ്റത്തിൽ ഡാളസ് എഴുതിയ 'വെളുത്ത ലില്ലിപ്പൂക്കൾ' മലയാളം ചെറുകഥ വിഭാഗത്തിലും പുരസ്കാരം നേടി. ക്രിസ്തീയ ദൃശ്യാവിഷ്കാര മേഖലയിലെ സംഭാവനകളെ വിലയിരുത്തി ഡോ. മനു ചാക്കോ ഹൂസ്റ്റൺ രചനയും സംവിധാനവും നിർവഹിച്ച 'മഴമേഘങ്ങൾ' എന്ന ക്രിസ്ത്യൻ ഡ്രാമക്ക് സ്പെഷ്യൽ ജൂറി പുരസ്കാരവും ലഭിച്ചു.

അവാർഡ് ജേതാക്കൾക്ക് ജൂലൈ 4-7 വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവൻഷൻ സെന്റർ സമുച്ചയത്തിൽ 39-ാമത് മലയാളി പെന്തക്കോസ്ത് കോൺഫ്രൻസിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കെ.പി.ഡബ്ല്യ.എഫ് പ്രത്യേക സമ്മേളനത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. ക്രൈസ്തവ സാഹിത്യ മേഖലയിൽ വിവിധ നിലകളിൽ തികഞ്ഞ പ്രാവണ്യം നേടിയിട്ടുള്ള സജി മത്തായി കാതേട്ട്, പാസ്റ്റർ സാംകുട്ടി മാത്യു, സിസ്റ്റർ സൂസൻ ബി. ജോൺ, പ്രൊഫ. സ്മിതാ ചാക്കോ, പാസ്റ്റർ മനു ഫിലിപ്പ് എന്നിവരാണ് വിവിധ മത്സരങ്ങളിൽ വിധി നിർണ്ണയം നടത്തിയത്. വടക്കേ അമേരിക്കയിൽ കുടിയേറി പാർത്ത മലയാളി പെന്തക്കോസ്ത് വിശ്വാസികളായ എഴുത്തുകാരുടെ ഐക്യ സംഘടനയാണ് നോർത്തമേരിക്കൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം.

രാജൻ ആര്യപ്പള്ളിൽ പ്രസിഡന്റ്, സാം മാത്യൂ വൈസ് പ്രസിഡന്റ്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറാർ, ഡോ. ഷൈനി സാം ലേഡീസ് കോർഡിനേറ്റർ, വെസ്ളി മാത്യൂ മീഡിയ കോർഡിനേറ്റർ എന്നിവരാണ് കെ.പി.ഡബ്ള്യു.എഫ് ദേശീയ ഭാരവാഹികൾ.

## 01 റവ. സി. സി. തോമസ്...

ഹം കാഴ്ചവച്ചത്.

പുനലൂർ, മണക്കാല എന്നിവിടങ്ങളിൽ വേദപഠനം നടത്തിയനന്തരം ഫിലിപ്പിയൻസിലും അമേരിക്കയിലും വേദശാസ്ത്രത്തിൽ ഉപരി പഠനം നടത്തി. അമേരിക്കയിലെ ടെന്നസിയിൽ സഭാ ശുശ്രൂഷകനായി 8 വർഷം സേവനം അനുഷ്ഠിച്ചു. കേരളത്തിൽ ഡിസ്ട്രിക്ട് പാസ്റ്ററായി പ്രവർത്തിച്ചിട്ടുണ്ട്. 1994-2007 വർഷങ്ങളിൽ മുളക്കുഴ മൗണ്ട് സിയോൻ ബൈബിൾ കോളേജിൽ അദ്ധ്യാപകനായിരുന്നു. 1999 മുതൽ തിരുവല്ല ഐസിറ്റി എസ് രജിസ്ട്രാറായി പ്രവർത്തിച്ചു. 2002 ൽ ഐസിറ്റിഎസിന്റെ അഡ്മിനിസ്ട്രേറ്ററായി വേൾഡ് മിഷൻ നിയമിച്ചു. സഭയുടെ യുവജന പ്രസ്ഥാനമായ വൈ.പി.ഇ.യുടെ പ്രസിഡന്റ്, ഐസിറ്റിഎസ് അഡ്മിനിസ്ട്രേറ്റർ, കൗൺസിൽ മെമ്പർ തുടങ്ങി വിവിധ ശുശ്രൂഷാ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിരുന്നു. ഭാര്യ: സുനു തോമസ്. മക്കൾ: ഗ്രാന്റ തോമസ്, നഥനയേൽ തോമസ്. ഒരുമക്കൾ: നാൻസി തോമസ്, ഷാരൺ വർഗീസ് കൊച്ചുമക്കൾ: അരിയേലാ, എസക്കിയേൽ, സമാറ.

# ഉന്നത വിജയം



**പത്തനംതിട്ട:** മേക്കൊഴൂർ ശാരോൻ ഫെലോഷിപ്പ് ചർച്ച് വിശ്വാസി എസ്ഥേർ അക്സ മാത്യു മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ ബി.കോം. പരീക്ഷയിൽ മൂന്നാം റാങ്ക് നേടി. പഴുമണ്ണിൽ മാത്യു പി. ചാക്കോയുടെയും ഏലിയാമ്മ മാത്യുവിന്റെയും മകളാണ്.പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ ആയിരുന്നു പഠനം.

# നിയമിതനായി



**യുകെ:** മിഡിൽസ്ബ്രോയുടെ സമീപ പട്ടണമായ ഐ.എ.ജി. യു.കെ. & യൂറോപ്പ് ഡർഹത്ത് സഭയുടെ ശുശ്രൂഷകനായി പാസ്റ്റർ സാം ഇളമ്പൽ നിയമിതനായി. ചെയർമാൻ റവ. ബിനോയ് എബ്രഹാം ശുശ്രൂഷ നിർവ്വഹിച്ചു. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജസ്റ്റിൻ പോൾ മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമാണ് സാം ഇളമ്പൽ. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ യും സെനറ്റ് ഓഫ് സെറാമ്പൂരിൽ നിന്ന് ബി ഡി യും കരസ്ഥമാക്കിയിട്ടുണ്ട്. ഭാര്യ ബിൻസി എം. ടെക് ബിരുദധാരിയാണ്. രണ്ട് മക്കൾ.

HOUSE FOR RENT IN AMALLOOR

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla

Contact - Baby Samuel
Whatsapp No. +91 9207251248

കവിത

# നിർമദൻ

ഷീനാ ടോമി



ദർശനങ്ങളെ കൊടുങ്കാറ്റുകളുടെ
തീരത്ത് കെട്ടഴിച്ചു വിടുന്നവൻ

ഇടിമുഴക്കങ്ങളെ മൗനങ്ങളുടെ
വിരൽത്തുമ്പിൽ പിണച്ചവൻ

മിന്നൽപിണരുകളെ മേഘങ്ങളുടെ
തിരയിളക്കത്തിൽ
പുറപ്പെടുവിക്കുന്നവൻ

കാറ്റിന്റെ ചിറകിൽ
ആകാശം ചായ്ച്ചു
ഇറങ്ങി വരുന്നവൻ

തന്റെ ചിറകിൻ
അൻപിൻ തൂവലാൽ
അരുമക്കുഞ്ഞുങ്ങളെ
പൊതിയുന്നവൻ

അഗ്നിജ്വാലയെ തേരാക്കി
കത്തുന്ന പച്ചമരങ്ങളെ തോലുരിക്കുന്നവൻ

വിണ്ടുണങ്ങിയ മരുഭൂമിയിൽ
തോരാത്ത
മഴയായി പെയ്യുന്നവൻ

മഴശലഭത്തിനു കത്താത്ത
പൂന്തോട്ടത്തിന്റെ നനവാകുന്നവൻ

അണയാത്ത മുൾപടർപ്പിൽ
കത്തുന്ന തീജ്വാലയാകുന്നവൻ

കണ്ണ് പോയ മത്സ്യത്തിന്റെ
ചൂണ്ടയിൽ കടൽ കൊരുക്കുന്നവൻ

നിലാവ് തെളിയാത്ത
രാത്രികളുടെ ഹൃദയങ്ങളിൽ
കെടാസൂര്യനെ കൊളുത്തി വച്ചവൻ

രാത്രികളെ പകർത്തിയെഴുതി
പകലുകളെ അദൃശ്യഭൂപടങ്ങളിലേക്കു
വിവർത്തനം ചെയ്യുന്നവൻ

ആത്മാവിലെ
അജ്ഞാതദ്വീപുകളിലേക്ക്
ഏകാന്തനൗകകളിൽ
പടയോട്ടം നടത്തുന്നവൻ
ഒറ്റത്തുരുത്തിന്റെ കണ്ണിമയിലെ
ചെരാതിൽ കെടാത്ത തിരിനാളമാകുന്നവൻ
മുള്ളുകളിൽ മുന്തിരിപ്പഴവും
ഞെരിഞ്ഞിലുകളിൽ അത്തിപ്പഴവും
വിളയിക്കുന്നവൻ
ഇങ്ങനെ ഒരുവൻ
ഇത്രമേൽ നിർമദൻ ആകുവതെങ്ങനെ ?



## പിസിനാക് ജൂലൈ നാലു മുതൽ

# ഇനി കൂട്ടായ്മയുടെയും ആത്മമാരിയുടെയും ദിനങ്ങൾ

അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ ഏറ്റവും വലിയ സമ്മേളനത്തിൽ വ്യത്യസ്തമായ ദൈവീകാനുഭവങ്ങളെ അറിയുവാനും അനുഭവിക്കുവാനുമുള്ള അവസരമാണ് വിശ്വാസ സഹോദരങ്ങൾക്ക് ലഭ്യമാകുന്നത്. ഇന്നയോളം അത്ഭുതകരമായി വഴി നടത്തിയ കർത്താവായ യേശു ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയും മുറുകെ പിടിച്ച്, ദൈവിക പ്രമാണങ്ങളോട് നൂറു ശതമാനം വിശ്വസ്തത പുലർത്തി സമൂഹത്തിനും സഭകൾക്കും മാതൃക കാണിക്കുവാൻ, പ്രതിവർഷം അയ്യായിരത്തിലേറെ വിശ്വാസികളും ശുശ്രൂഷകന്മാരും ലോകത്തിന്റെ വിവിധ ഭാഗങ്ങ ളിൽ നിന്നും കോൺഫ്രൻസുകളിൽ എത്തിച്ചേരുന്നു. സത്യദൈവത്തെ ആരാധിക്കുവാനും, ആദ്യമസഭ അനുഭവിച്ച പെന്തെക്കോസ്ത് അനുഭവത്തെ ദർശിക്കുവാനും, കൂട്ടായ്മ ആചരിക്കുവാനും അപ്പം നുറുക്കുവാനും, ബന്ധങ്ങൾ പുതുക്കുവാനുമുള്ള അവസരങ്ങൾ പരമാവധി പ്രയോജനപെടുത്തുവാൻ ദൈവമക്കൾ തയ്യാറായിക്കഴിഞ്ഞു.

ഒരുക്കത്തോടെ കടന്നു വരുന്ന ദൈവമക്കൾക്ക് പ്രത്യാശയ്ക്ക് ഒട്ടും മങ്ങലേല്ക്കാതെ, ആരാധനയ്ക്ക് പ്രാധാന്യം കൊടുത്ത് ആത്മനിറവിൽ ആരാധിക്കുവാൻ സാധിക്കുന്ന ഗാനങ്ങളാണ് അനുഗൃഹീത ഗായകൻ കെ.ബി. ഇമ്മാനുവേലിന്റെ നേതൃത്വത്തിലുള്ള നാഷണൽ ഗായകസംഗം എല്ലാ സെക്ഷനുകളിലും ഉൾപ്പെടുത്തിയിരിക്കുന്നത്. എബിൻ അലക്സ്, ഐപ്പ് ഐസക്ക്, സാബി കോശി, എബി എബ്രഹാം എന്നിവരുടെ ചുമതലയിലാണ് വർഷിപ്പ് ടീമിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നത്. വ്യത്യസ്തമായ പ്രോഗ്രാമുകൾ, മികച്ച നിലയിലുള്ള താമസ സൗകര്യങ്ങൾ തുടങ്ങിയവ കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതി നായി ഏൽപ്പിച്ച ദൗത്യം പൂർണ്ണ ഉത്തരവാദിത്വത്തോടെ ചെയ്തു തീർക്കുവാനായി റ്റിജു തോമസ്, പാസ്റ്റർ സണ്ണി താഴംപള്ളം, സജിമോൻ ജോർജ്, ജോർജ് നൈനാൻ, ജോഷിൻ ഡാനിയേൽ, ജോബിൻ ജോൺസൻ, തോമസ് വർഗീസ്, ജോസഫ് കുര്യൻ, ടോം കുര്യൻ, പാസ്റ്റർ പി. വി മാമ്മൻ, പി.കെ തോമസ്, ബിജു നൈനാൻ, എന്നിവരുടെ നേതൃത്വത്തിൽ നാഷണൽ ലോക്കൽ കമ്മിറ്റികൾ അഹോരാത്രം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ദൈവജനത്തെ പല നിലകളിലും പ്രത്യാശയോടെ ഒരുക്കുന്ന ഈ മഹാസമ്മേളനം വിശ്വാസികളുടെയും ശുശ്രൂഷകരുടെയും പങ്കാളിത്വം കൊണ്ട് വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ വൻ വിജയമാകുമെന്ന പ്രതീക്ഷയിലാണ് ഭാരവാഹികൾ. അമേരിക്കയിലും കാനഡയിലുമുള്ള സഭകളിൽ നിന്നായി നിരവധി ദൈവമക്കൾ കോൺഫ്രൻസിൽ പങ്കെടുക്കും. സ്ത്രീകൾ, യുവാക്കൾ, കുട്ടികൾ എന്നിവർക്കായി പ്രത്യേക മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്. ഹൂസ്റ്റൺ IAH, ഹൂസ്റ്റൺ ഹോബി എയർപോർട്ടിൽ വന്നിറങ്ങുന്നവർക്ക് സുരക്ഷിതമായി കോൺഫ്രൻസ് സെന്ററിൽ എത്തിച്ചേരുവാൻ സൗജന്യ വാഹന സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. കാർ മാർഗ്ഗമായി എത്തിച്ചേരുന്നവർക്കും കൺവെൻഷൻ സെന്ററിൽ സൗജന്യ പാർക്കിംഗ് ഭാരവാഹികൾ ക്രമീകരിച്ചിട്ടുണ്ട്.

ജോസഫ് കുര്യൻ (ഹ്യൂസ്റ്റൺ), റ്റോം കുര്യൻ (ഹ്യൂസ്റ്റൺ), പാസ്റ്റർ ജെയിംസ് എബ്രഹാം (ഓസ്റ്റിൻ), പാസ്റ്റർ റോയി ചെറിയാൻ (അരിസോണ) , പാസ്റ്റർ മനു ഫിലിപ്പ് (സൗത്ത് ഫ്ലോറിഡ), പാസ്റ്റർ പി.വി. മാമ്മൻ (മിഷിഗൺ), പാസ്റ്റർ ജോർജ് ചെറിയാൻ (നോർത്ത് കരോളിന), പാസ്റ്റർ ബാബു ജോൺ (ന്യൂ മെക്സിക്കോ), പാസ്റ്റർ ജോയി വർഗ്ഗീസ് (ഒഹായോ), പാസ്റ്റർ സിബി തോമസ് (ടെന്നസി), പാസ്റ്റർ മാത്യു ശാമുവൽ (ഡാളസ്), പാസ്റ്റർ ഏബ്രഹാം ഈപ്പൻ (ന്യൂയോർക്ക്), പാസ്റ്റർ എബിൻ അലക്സ് (കാനഡ), ജോൺസൺ ജോർജ് (ന്യൂയോർക്ക്), പ്രസാദ് ജോർജ് (കണക്ടിക്കട്ട്), ഐപ്പ് ഐസക് (ന്യൂജേഴ്സി), യോഹന്നാൻ ജോർജ് (കാലിഫോർണിയ), സജി ഫിലിപ്പ് (ഇല്ലിനോയ്സ്), കുര്യൻ സക്കറിയാ (ഒക്കലഹോമ), സിജു ഏബ്രഹാം (വെർജീനിയ), റ്റിജോ തോമസ് (കാനഡ), സാം ഏബ്രഹാം (കാനഡ), സാം വർഗ്ഗീസ് (ജോർജിയ), റോബിൻ ജോൺ (മസാച്ചുസെറ്റ്സ്), സാബി കോശി (ന്യൂയോർക്ക്), ഡാവിൻ ദാനിയൽ (പെൻസിൽവാനിയ), ബിജോ തോമസ് (മേരിലാൻഡ്) എന്നിവരാണ് നാഷണൽ പ്രതിനിധികൾ.

കുര്യൻ സക്കറിയ (നാഷണൽ മീഡിയ കോ ഓർഡിനേറ്റർ), നിബു വെള്ളവന്താനം (നാഷണൽ പബ്ളിസിറ്റി കോഓർഡിനേറ്റർ), ഫിന്നി രാജു ഹ്യൂസ്റ്റൺ (നാഷണൽ സോഷ്യൽ മീഡിയ കോഓർഡിനേറ്റർ), ജോയി തുമ്പമൺ (ലോക്കൽ പബ്ളിസിറ്റി കോഓർഡിനേറ്റർ), സ്റ്റീഫൻ സാമുവൽ ( ലോക്കൽ മീഡിയാ കോ-ഓർഡിനേറ്റർ) എന്നിവരാണ് മീഡിയ ഭാരവാഹികൾ.

സമ്മേളനം അനുഗ്രഹമായിത്തീരുവാനും വിശ്വാസികൾ പ്രാർത്ഥനയോടെ കോൺഫറൻസിൽ പങ്കെടുക്കുവാനും നാഷണൽ ഭാരവാഹികളായ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നോലിൽ, ബിജു തോമസ്, റോബിൻ രാജു, ആൻസി സന്തോഷ് എന്നിവർ അഭ്യർത്ഥിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: www.pcnakhouston.org

തയ്യാറാക്കിയത് :
നിബു വെള്ളവന്താനം
(നാഷണൽ പബ്ളിസിറ്റി കോർഡിനേറ്റർ)

## NATIONAL OFFICIALS


Pr Finny Alummoottil
National Convener


Raju Ponnolil
National Secretary


Biju Thomas
National Treasurer



Robin Raju
Youth Coordinator


Ancy Santhosh
Ladies Coordinator

## SPEAKERS


Pr. Vlad Suvchuk


Apostle Dr. Julius Suubi


Rev. Dr. Tim Hill


Andres Bissoni


Pr. Justin Samuel


Pr. Faith Blesson


Dr. Angel Elsa Varughese (UK)

## PCNAK ENGLISH


Vlad Savchuk


Andres Bisonni


Libin Abraham


Nirup Alphonse


Justin Samuel


Jacob Mathew


Jason James


Aju Philip


Binu Abraham


Ajay Thomas


Eunice Simon


Dr. NancyThomas


Dr. Rhema Jacob


Ciby Thomas


Alvin Oommen


Sam Thomas

## MEDIA TEAM COORDINATORS


Kurian Zacharia


Nibu Vellavanthanam


Finny Raju Houston



Joy Thumpamon


Stephen Samuel


LOCAL EXECUTIVES



# പ്രാർത്ഥനയുടെ പിൻബലത്തോടെ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ




- ◊ 39–ാമത് നോർത്തമേരിക്കൻ കോൺഫറൻസിന് ഹ്യൂസ്റ്റൺ വേദിയാകുന്നു.
- ◊ 2024 ജൂലൈ 4 –7 വരെ ഹ്യൂസ്റ്റൺ ജോർജ്ജ് ആർ ബ്രൗൺ കൺവൻഷൻ സെന്റർ വേദിയാകും.
- ◊ പിസിഎൻഎകെ ചരിത്രത്തിലെ ഏറ്റവും വലിയ ജനപങ്കാളിത്തം പ്രതീക്ഷിക്കുന്ന സമ്മേളനം.

പാസ്റ്റർ ഫിന്നി കോട്ടയം ആലുംമൂട്ടിൽ എ. എം. വർഗ്ഗീസിന്റെയും അന്നമ്മയുടെയും അഞ്ചു മക്കളിൽ ഇളമകനായി ജനിച്ചു. ഒരു പെന്തെക്കോസ്ത് കുടുംബാംഗം എന്ന നിലയിൽ ആത്മീയ അനുഭവത്തോടെ വളർന്ന ബാല്യകാലം. പാസ്റ്റർ റ്റി. പി. വർഗ്ഗീസിന്റെ കൈക്കീഴിൽ വിശ്വാസ സ്നാനം സ്വീകരിച്ചു. സണ്ടേസ്കൂളിലും പിവൈപിഎയിലും സജീവമായിരുന്നു. പാസ്റ്റർ പി. എം. ഫിലിപ്പ് വടവാതൂർ ശാലേം ബൈബിൾ സ്കൂളിൽ നടത്തിയ പിവൈപിഎ ഓണവാര ക്യാമ്പിൽ വെച്ച് പതിനേഴാം വയസ്സിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. മാങ്ങാനം ജോസഫ് എന്ന ദൈവഭൃത്യന്റെ ശുശ്രൂഷയിലാണ് അത് സംഭവിച്ചത്. അക്കാലത്തും തുടന്നും പിവൈപിഎയുടെ വിവിധ ചുമതലകൾ സെന്റർ തലത്തിലും സംസ്ഥാനതലത്തിലും വഹിക്കുവാൻ ദൈവം അവസരം നൽകി. പിവൈപിഎ പബ്ലിസിറ്റി കൺവീനർ, സ്റ്റേറ്റ് കൗൺസിൽ പ്രതിനിധി, യുവജനകാഹളം പബ്ലീഷർ, മാനേജർ തുടങ്ങിയ വിവിധ ചുമതലകളും ജനറൽ പിവൈപിഎയുടെ ട്രഷറർ ചുമതലയും വഹിച്ചു.

കോട്ടയം ബസേലിയോസ് കോളജ്, എൻഎസ്എസ് കോ-ഓപ്പറേറ്റീവ് കോളജ് കോട്ടയം എന്നിവിടങ്ങളിൽ നിന്ന് പഠനം പൂർത്തീകരിച്ചു. കൊമേഴ്സിൽ ബിരുദം നേടിയ ഫിന്നി ആലുംമൂട്ടിൽ ദൈവീക നിയോഗത്തോടെ വടവാതൂർ ശാലേം ബൈബിൾ സ്കൂളിൽ വേദപഠനം പൂർത്തിയാക്കി. തന്റെ പിതാവ് നിഷ്കളങ്കനും സത്യസന്ധനുമായ ഒരു വ്യക്തിയായിരുന്നു. മാതാവ് തികഞ്ഞ ഭക്തയും പ്രാർത്ഥനാ വനിതയും. അതിലുപരി ഒരു സുവിശേഷക കൂടിയായിരുന്നു. എല്ലാ ആഴ്ചകളിലും ക്രമമായി ഭവനത്തിൽ ഉപവാസ പ്രാർത്ഥന നടത്തുകയും സഹോദരിമാരോടൊത്ത് ആശുപത്രികളിലും ഭവനങ്ങളിലും സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും സുവിശേഷം പങ്കിടുകയും ചെയ്യുമായിരുന്നു. ഇന്ന് ഞങ്ങൾ അനുഭവിക്കുന്ന നന്മകളുടെയും ആത്മീയാനുഗ്രഹങ്ങളുടെയും പിന്നിൽ മാതാപിതാക്കളോടുള്ള ദൈവീക വാഗ്ദാനവും അവരുടെ പ്രാർത്ഥനയുമാണെന്ന് പറയുമ്പോൾ പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിന്റെ കണ്ണുകളിൽ ദൈവത്തോടുള്ള നന്ദി കണ്ണീർ തുള്ളികളായി തുളുമ്പി നിൽക്കുന്നു.

പഠനാനന്തരം ആത്മീയ പ്രവർത്തനങ്ങളോടൊപ്പം ബിസിനസ് രംഗത്തും സജീവമായി. സ്വകാര്യ ബാങ്കിൽ ബിസിനസിനൊപ്പം മറ്റ് പല ബിസിനസ് രംഗത്തും കോട്ടയത്ത് പ്രവർത്തിച്ചുവ. അക്കാലത്ത് സഭയുടെ വിവിധങ്ങളായ ചുമതലകളിൽ സജീവമായി. ഐപിസിയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സംസ്ഥാന ട്രഷറർ എന്ന നിലയിൽ ഏറെ ശ്രദ്ധേയനായി. സഭയുടെ ജനറൽ സ്റ്റേറ്റ് കൗൺസിലുകളിലും അംഗമായി.



രാജു പൊന്നോലിൽ
നാഷണൽ സെക്രട്ടറി



ബിജു തോമസ്
നാഷണൽ ട്രഷറർ



റോബിൻ രാജു
നാഷണൽ യൂത്ത് കോർഡിനേറ്റർ



ആൻസി സന്തോഷ്
നാഷണൽ ലേഡീസ് കോർഡിനേറ്റർ

1983-ൽ തിരുവല്ല വേങ്ങൽ ചെറുകണ്ടം പറമ്പിൽ സുവിശേഷകൻ സി.സി. കുര്യന്റെയും അച്ചാമ്മയുടെയും മകൾ റിബേക്ക ജീവിത സഖിയായി. പാസ്റ്റർ പി. എം. ഫിലിപ്പാണ് വിവാഹം ആശിർവദിച്ചത്.

1998 ലാണ് പാസ്റ്റർ ഫിന്നി അമേരിക്കയിൽ എത്തുന്നത്. ഹ്യൂസ്റ്റൺ ബൈബിൾ സെമിനാരിയിൽ നിന്ന് വേദശാസ്ത്രത്തിൽ M.Div ബിരുദം നേടിയനന്തരം ഔദ്യോഗിക ജോലിയോടൊപ്പം സാൻ അന്റോണിയ ഫിലദെൽഫിയ, ഹൂസ്റ്റണിലെ ട്രൂലൈറ്റ് എന്നിവിടങ്ങളിലും ഹൂസ്റ്റണിൽ ട്രൂലൈറ്റ്, പി.എം.ജി. സഭകളിലും ശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചു. ഔദ്യോഗിക ജോലിയിൽ നിന്നും വിരമിച്ച പാസ്റ്റർ ഫിന്നി ഇപ്പോൾ ഹൂസ്റ്റൺ ഇന്റർനാഷണൽ ബൈബിൾ ചർച്ച് മലയാളം വിഭാഗം പാസ്റ്ററായി ശുശ്രൂഷ ചെയ്തു വരുന്നു.

മക്കൾ: വെസ്ലി ആലുംമൂട്ടിലും ലിഡിയയും

ഐപിസി മിഡ് വെസ്റ്റ് പവൈപിഎയുടെ വൈസ് പ്രസിഡന്റായി ചുമതല വഹിക്കുന്ന വെസ്ലി മറ്റ് ചുമതലകളിലും പ്രവർത്തിച്ചിരുന്നു. പോലീസ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥൻ കൂടിയാണ്.

2019-ൽ ഹ്യൂസ്റ്റണിലെ പെന്തക്കോസ്ത് സമൂഹം പൊതുസമ്മതത്തോടെ 39-ാമത് പിസിഎൻഎകെ നാഷണൽ കൺവീനറായി പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിനെ തെരഞ്ഞെടുത്തു. 2021-ൽ ഹ്യൂസ്റ്റണിൽ നടക്കേണ്ടിയിരുന്ന കോൺഫറൻസ് കോവിഡ് പശ്ചാത്തലത്തിൽ ഫിലെദൽഫിയ കോൺഫറൻസ് 2023ലേക്ക് മാറ്റി വെയ്ക്കേണ്ടി വന്നതിനാലാണ് 39-ാമത് കോൺഫറൻസ് 2024 ലേക്ക് മാറ്റേണ്ടി വന്നത്.

ഹ്യൂസ്റ്റണിലെ പെന്തക്കോസ്ത് സമൂഹത്തിൽ ഏറെ സജീവമായ പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിന് പരിചയപ്പെടുത്തലിന്റെ ആവശ്യമില്ല. മികച്ച സംഘാടകനും എല്ലാവരോടും ഹൃദ്യമായ ബന്ധം കാത്തുസൂക്ഷിക്കുന്ന വ്യക്തി എന്ന നിലയിലും വലിയ പിന്തുണയാണ് ആരംഭത്തിൽ തന്നെ അദ്ദേഹത്തിന് ലഭിക്കുന്നത്. 2024-ൽ നടക്കുവാൻ പോകുന്ന 39-ാമത് കോൺഫറൻസ് നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ സാംകുട്ടി മാത്യുമായി നടത്തിയ അഭിമുഖ സംഭാഷണം.

**? 2024-ലെ ഹൂസ്റ്റൺ കോൺഫറൻസിനെ കുറിച്ച് വലിയ പ്രതീക്ഷയാണല്ലോ പൊതുവിൽ ഉണ്ടായിരിക്കുന്നത്. സംഘാടക സമിതിയുടെ പ്രധാന ചുമതലക്കാരൻ എന്ന നിലയിൽ അത് എങ്ങനെ വിലയിരുത്തുന്നു**

അത്തരം പ്രതീക്ഷകൾക്ക് പല കാരണങ്ങൾ ഉണ്ടാകാം. ഹൂസ്റ്റൺ പട്ടണത്തിന്റെ പ്രത്യേകതയും അതിനൊരു പ്രധാന കാരണമാണ്. ഈ പട്ടണത്തിൽ നൂറുകണക്കിന് പെന്തക്കോസ്ത് വിശ്വാസികളായ മലയാളികൾ ഉള്ള ഇടമാണ്. ഇവിടെ സഭകളും ശുശ്രൂഷകരും തമ്മിൽ വളരെ ഐക്യവും സഹവർത്തിത്വവും പുലർത്തുന്നു എന്നതും എടുത്തു പറയേണ്ട വസ്തുതയാണ്. പ്രാദേശികതലത്തിൽ ഈ കോൺഫറൻസിന് വലിയ പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തന്നെയുമല്ല മലയാളി പെന്തക്കോസ്ത് സഭകളും വിശ്വാസികളും ഏറെയുള്ള ഡാളസും ഈ സ്റ്റേറ്റിൽ തന്നെയാണല്ലോ. ഒക്കലഹോമയിൽ നിന്നും എത്തിച്ചേരാൻ അധികസമയം ആവശ്യമില്ല. മറ്റ് സ്റ്റേറ്റുകളിൽ നിന്നും എത്തിച്ചേരുന്നതിന് പ്രയാസവുമില്ല. അതുകൊണ്ട് തന്നെ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ വലിയൊരു വർധന ഈ കോൺഫറൻസിൽ ഉണ്ടാകും എന്നതാണ് വസ്തുത. നമ്മൾ ഉത്സാഹത്തോടെ പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. എല്ലാം സാധ്യമാക്കുന്നത് കർത്താവാണല്ലോ.

**? താങ്കളോടൊപ്പം ഉള്ള ദേശീയ തലത്തിലെയും പ്രാദേശിക തലത്തിലെയും സംഘാടകസമിതിയെ പരിചയപ്പെടുത്താമോ.**

ഏതു കോൺഫറൻസും വിജയിക്കണമെങ്കിൽ ഒപ്പമുള്ള ടീം അംഗങ്ങളുടെ സഹകരണവും പ്രാപ്തിയും ഉത്സാഹവും പ്രധാന ഘടകമാണ്. ആ നിലയിൽ ഞാൻ ഏറ്റവും സന്തോഷവാനും സംതൃപ്തനും ആണ്. വളരെ അനുഗ്രഹീതരും പ്രാപ്തരും ഉത്സാഹശാലികളും സമർപ്പിതരും ആണ് ഇത്തവണ ദേശീയ, പ്രാദേശിക തലത്തിൽ സംഘാടകസമിതിയിൽ ഉള്ളത്. പി.സി.എൻഎ കെ എന്നത് ഒരു ടീം വർക്ക് ആണ്. പിസിഎൻഎ കെയുടെ സന്ദേശം തന്നെ ഐക്യത ആണല്ലോ. നാഷണൽ സെക്രട്ടറിയായി സേവനം ചെയ്യുന്ന ബ്രദർ രാജു പൊന്നോലിൽ വിവിധ കോൺഫറൻസുകളിൽ നേതൃനിരയിൽ പ്രവർത്തിച്ചിട്ടുള്ള അനുഭവസമ്പന്നനാണ്. അതുപോലെ തന്നെ നാഷണൽ ട്രഷറർ ബ്രദർ ബിജു തോമസും കോൺഫറൻസ് ചുമതലകളിലൂടെ അനുഭവ സമ്പന്നനും ഡാളസിലെ മെട്രോ സഭയിലെ സജീവാംഗവും ഏറെ ഉത്സാഹ ശാലിയുമാണ്. നാഷണൽ യൂത്ത് കൺവീനർ റോബിൻ രാജുവും നാഷണൽ ലേഡീസ് കൺവീനർ ആൻസി സന്തോഷുമാണ്. ഏറെ അനുഗ്രഹീതരും ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ ഏറെ വാഞ്ചയുള്ളവർ. നാഷണൽ കമ്മിറ്റിയുടെ ഭാഗമായുള്ള ധാരാളം പ്രിയപ്പെട്ടവരുമുണ്ട്.വ്യക്തിപരമായ അജണ്ടകൾ ഒന്നുമില്ലാതെ ദൈവനാമ മഹത്വത്തിന് ഈ കോൺഫറൻസ് മുഖാന്തിരം ആകണമെന്ന താല്പര്യത്തോടെ മാത്രം പ്രവർത്തിക്കുന്നവരാണ് എല്ലാവരും.

ലോക്കൽ തലത്തിലും വലിയ ഉത്തരവാദിത്വം ആണ് നിറവേറ്റപ്പെടാനുള്ളത്. ഈ കോൺഫറൻസിന്റെ പ്രാദേശിക സമിതിയിലും ഏറെ പ്രാപ്തരായ പ്രിയപ്പെട്ടവരെയാണ് ലഭിച്ചത്. തോളോട് തോൾ ചേർന്ന് ദൈവനാമ മഹത്വത്തിനായി യത്നിക്കുന്ന പ്രിയപ്പെട്ടവർ. ഓരോ പ്രാദേശിക സഭയിലെയും ശുശ്രൂഷകരും ദൈവജനവും സീനിയർ ശുശ്രൂഷകരും നൽകുന്ന പിന്തുണ വലുതാണ്. ലോക്കൽ കൺവീനേഴ്സ് ആയി ബ്രദർ ബിജു തോമസും പാസ്റ്റർ സണ്ണി താഴാംപള്ളവും സെക്രട്ടറിയായി ബ്രദർ സജി ജോർജും ട്രഷററായി ബ്രദർ ജോഷിൻ ഡാനിയേലും പ്രവർത്തിക്കുന്നു. ഒപ്പം വിവിധ ചുമതലകളിലായി ധാരാളം പേർ പ്രവർത്തിച്ചുവരുന്നു. ഞാൻ മുമ്പേ പറഞ്ഞതുപോലെ അത് ഒരു ഐക്യ സംരംഭമാണ്. ഇതിന്റെ ലക്ഷ്യം ദൈവനാമ മഹത്വം മാത്രമാണ്. അതിനാൽ ഈ പട്ടണത്തിൽ ദൈവനാമം ഉയർത്തുവാനുള്ള യത്നത്തിലാണ് എല്ലാവരും.

**? 2024 കോൺഫറൻസിന്റെ പദ്ധതികൾ എന്തൊക്കെയാണ്? മുന്നൊരുക്കങ്ങളും?**

വളരെ വിശദമായി പറയേണ്ട കാര്യങ്ങളാണിത്. വളരെ വിശാലമായ സൗകര്യങ്ങളുള്ള ഇടമാണ് കോൺഫറൻസിനായി ലഭിച്ചിട്ടുള്ള ജോർജ് ആർ ബ്രൗൺ കൺവെൻഷൻ സെന്റർ. 10000 പേരെ ഉൾക്കൊള്ളുവാൻ കഴിയുന്ന പ്രധാന ഓഡിറ്റോറിയം ഉൾപ്പെടെ പല ഓഡിറ്റോറിയ

➤ 05



# അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് പുത്തൻദർശനം നൽകുന്ന സമ്മേളനം




- ◊ 39–ാമത് നോർത്തമേരിക്കൻ കോൺഫറൻസിന് ഹ്യൂസ്റ്റൺ വേദിയാകുന്നു.
- ◊ 2024 ജൂലൈ 4 –7 വരെ ഹ്യൂസ്റ്റൺ ജോർജ്ജ് ആർ ബ്രൗൺ കൺവൻഷൻ സെന്റർ വേദിയാകും.
- ◊ പിസിഎൻഎകെ ചരിത്രത്തിലെ ഏറ്റവും വലിയ ജനപങ്കാളിത്തം പ്രതീക്ഷിക്കുന്ന സമ്മേളനം.

അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ച്, പ്രത്യേകാൽ യുവതലമുറയെക്കുറിച്ചും ഈ സമൂഹത്തിന്റെ ഭാവിയെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടും നിലപാടും ഉള്ള വ്യക്തിയാണ് ബ്രദർ ബിജു തോമസ്, ഡാളസ്. വിവിധ കോൺഫറൻസുകളിൽ നിന്ന് ആർജ്ജിച്ച പരിചയസമ്പത്തുമായാണ് ബിജു തോമസ് 39–ാമത് ഹൂസ്റ്റൺ കോൺഫറൻസിന്റെ ട്രഷറർ എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. കഴിഞ്ഞ ചില വർഷങ്ങളായി അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ നേതൃനിരയിൽ പ്രധാന ചുമതലയിലേക്ക് യുവജനങ്ങൾ എത്തിച്ചേരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇക്കുറിയും പതിവ് തെറ്റിയിട്ടില്ല. സംഘാടകമികവ് കൊണ്ട് ഏറെ ശ്രദ്ധേയനാണ് ബ്രദർ ബിജു തോമസ്.

അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് വിശ്വാസികൾ ഏറ്റവും കൂടുതലുള്ള ഡാളസ് പട്ടണത്തിലെ പ്രധാന സഭകളിൽ ഒന്നായ മെട്രോ ചർച്ച് ഓഫ് ഗോഡ് അംഗമാണ് ഇദ്ദേഹം. ഡാളസിലെ യുവജനങ്ങളുടെ സംയുക്ത വേദിയായ പി വൈ സി ഡിയുടെ പ്രസിഡന്റ് എന്ന നിലയിൽ കഴിവ് തെളിയിച്ച ബ്രദർ ബിജു തോമസ് 2016–ൽ ഡാളസിൽ നടന്ന പിസിനാക്ക് സമ്മേളനത്തിന്റെ ലോക്കൽ ട്രഷററായി പ്രവർത്തിച്ചു. 2017–ൽ ഹൂസ്റ്റണിൽ നടന്ന നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിന്റെ നാഷണൽ സെക്രട്ടറി എന്ന നിലയിൽ നടത്തിയ സേവനം ഏറെ ശ്രദ്ധിക്കപ്പെട്ടു.

വെണ്ണിക്കുളം മുളമൂട്ടിൽ തോമസ് ഉമ്മൻ–ഏലിയാമ്മ തോമസ് ദമ്പതികളുടെ മകനാണ് ബിജു തോമസ്. മധ്യപ്രദേശ് ഇലക്ട്രിസിറ്റി വകുപ്പ് ഉദ്യോഗസ്ഥനായിരുന്ന പിതാവ് മധ്യപ്രദേശിലെ സാർണി എന്ന സ്ഥലത്തായിരുന്നു ഔദ്യോഗിക ജീവിതം നയിച്ചിരുന്നത്. അവിടെ ജനിച്ചുവളർന്ന ഇദ്ദേഹം സ്കൂൾ വിദ്യാഭ്യാസം സാർണിയിൽ നടത്തി. അനന്തരം എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ ഉപരിപഠനം നടത്തി. തുടർന്ന് 1994–ൽ മുംബൈയിൽ ഉദ്യോഗാർത്ഥം എത്തിച്ചേർന്നു. അറ്റ്ലാന്റായിലെ കാൽവറി ചർച്ച് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷകനും ബിജു തോമസിന്റെ ജ്യേഷ്ഠ സഹോദരനുമായ പാസ്റ്റർ ഷിബു തോമസ് 1998–ൽ മധ്യപ്രദേശിലെ കാത്തേഗാവ് എന്ന സ്ഥലത്ത് ആരംഭിച്ച മിഷൻ സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവിടേക്ക് മാറി.

2000–ൽ മണർകാട് ചൂളപ്പറമ്പ് ഡാനിയേൽ–ഗ്രേസി ദമ്പതികളുടെ മകൾ ഷീജ ജീവിതസഖിയായി. തുടർന്ന് ഉദ്യോഗാർത്ഥം മസ്ക്കറ്റിൽ എത്തുകയും ചില വർഷങ്ങൾ അവിടെ പ്രവർത്തിക്കുകയും ചെയ്തു.

2006–ലാണ് കുടുംബമായി അമേരിക്കയിലെ ഡാളസിലേക്ക് എത്തുവാൻ ദൈവം അവസരം നൽകിയത്. ഡാളസിലെ പ്രമുഖ മലയാളി പെന്തെക്കോസ്ത് സഭയായ മെട്രോ ചർച്ച് ഓഫ് ഗോഡ് അംഗമായ ബിജു തോമസ് സഭയുടെ ലൈഫ് ഗ്രൂപ്പ് അംഗമാണ്. ആ നിലയിൽ ഇംഗ്ലീഷ് സ്പീക്കിംഗ് ഗ്രൂപ്പിന്റെ ലീഡറായി ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ബിസിനസ് രംഗത്തേക്ക് തന്റെ പ്രവർത്തന മേഖല വ്യാപിപ്പിച്ച ബ്രദർ ബിജു തോമസ് ഫാർമസി ബിസിനസിലൂടെ ബിസിനസ് മികവ് തെളിയിച്ചു. ഏയ്ഞ്ചൽ വാലി എന്ന ഹെൽത്ത് കെയർ ബിസിനസ്സിന്റെ സാരഥി കൂടിയാണ്. ഡാളസിലെ ആത്മീയ സംരംഭങ്ങളിൽ പങ്കാളിത്വം വഹിക്കുന്നതിൽ ഉത്സുകനായ ബിജു തോമസ് വിവിധ കോൺഫറൻസുകളിൽ നേതൃനിരയിൽ എത്തിയതോടെ അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തിൽ കൂടുതൽ കാഴ്ചപ്പാടോടെ പ്രവർത്തിക്കുവാൻ തൽപ്പരനാണ്. 2024–ൽ ടെക്സാസ് സ്റ്റേറ്റിലെ ഹൂസ്റ്റണിൽ നടക്കുവാൻ പോകുന്ന കോൺഫറൻസിനെക്കുറിച്ചുള്ള ശുഭ പ്രതീക്ഷയും പദ്ധതികളും ഇദ്ദേഹം പങ്കുവയ്ക്കുകയാണ്.



റവ. ഫിന്നി ആലുംമൂട്ടിൽ
നാഷണൽ കൺവീനർ

രാജു പൊന്നോലിൽ
നാഷണൽ സെക്രട്ടറി

റോബിൻ രാജു
നാഷണൽ യൂത്ത് കോർഡിനേറ്റർ

ആൻസി സന്തോഷ്
നാഷണൽ ലേഡീസ് കോർഡിനേറ്റർ

2024–ലെ ഹൂസ്റ്റൺ കോൺഫറൻസ് മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് ചരിത്രത്തിൽ ഏറ്റവും വലിയ പ്രതീക്ഷ പുലർത്തുന്ന സമ്മേളനമാണ്. 2023–ലെ ഫിലെദൽഫിയ കോൺഫറൻസിൽ ഔദ്യോഗിക ഭാരവാഹികളുടെ പ്രഖ്യാപനം ഉണ്ടായത് മുതൽ തന്നെ വ്യാപകമായ പിന്തുണയാണ് എല്ലാ മേഖലയിൽ നിന്നും ലഭിക്കുന്നത് എന്നും ബ്രദർ ബിജു തോമസ് പറയുന്നു. ഇത്രയധികം പ്രതീക്ഷ പൊതു സമൂഹത്തിൽ നിന്നും ഉണ്ടാകുമ്പോൾ സംഘാടക സമിതികൾക്ക് ദേശീയ തലത്തിലും പ്രാദേശിക തലത്തിലും വലിയ ഉത്തരവാദിത്വം ഉണ്ട്. ഓരോ കോൺഫറൻസും വിജയകരമാകണമെങ്കിൽ പ്രധാനമായും ആത്മീയ ശുശ്രൂഷകൾ ഏറ്റവും മെച്ചമായി മാറണം. അതോടൊപ്പം തന്നെ പങ്കെടുക്കുന്നവർക്കുവേണ്ടി ക്രമീകരിക്കപ്പെടുന്ന സൗകര്യങ്ങളും കുറ്റമറ്റതായി മാറണം. അതുകൊണ്ടു ട്രഷറർ എന്ന നിലയിൽ പങ്കെടുക്കുന്നവർക്കുവേണ്ടിയുള്ള ക്രമീകരണങ്ങളിൽ ഏറെ ശ്രദ്ധ ചെലുത്തേണ്ട ചുമതലയുണ്ട്. മെച്ചപ്പെട്ട സൗകര്യങ്ങൾ ക്രമീകരിക്കുമ്പോൾ തന്നെ അമിതമായ ചിലവുകൾ ഒഴിവാക്കിയും സുതാര്യമായ സാമ്പത്തിക ഇടപാടുകൾ വഴി ചിലവ് ചുരുക്കുന്നതിൽ ഏറെ ശ്രദ്ധിക്കണം. ഭാരിച്ച ഒരു ചിലവാണ് സമ്മേളനത്തിനുണ്ടാകുന്നത്. ദൈവമക്കളുടെയും ദൈവദാസന്മാരുടെയും സഭകളുടെയും നിർലോഭമായ സഹകരണത്താൽ ഈ കോൺഫറൻസും വിജയകരമായി പൂർത്തീകരിപ്പാൻ കഴിയും എന്നത് നിസ്തർക്കമാണ്.

2024 പി സി എൻ എ കെ സംഘാടക സമിതിയിൽ സമാന മനസ്കരും ഒരേ ചിന്താഗതിക്കാരും ആണെന്നത് പ്രത്യേകം എടുത്തു പറയാവുന്ന വസ്തുതയാണ്. പരസ്പരധാരണയും പരസ്പരബഹുമാനവും ഉള്ളവരോടൊപ്പം പ്രവർത്തിക്കുവാൻ കഴിയുമ്പോൾ യാതൊരു മാനസിക സംഘർഷവും അനുഭവപ്പെടുന്നില്ല. കോൺഫറൻസിന്റെ നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, നാഷണൽ സെക്രട്ടറി ബ്രദർ രാജൂ പൊന്നോലിൽ, നാഷണൽ യൂത്ത് കോർഡിനേറ്റർ റോബിൻ രാജു, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആൻസി സന്തോഷ് എന്നിവരുടെ നേതൃത്വത്തിലുള്ള ദേശിയ സമിതിയും ബ്രദർ ബിജു തോമസ്, റവ. സണ്ണി താഴാംപള്ളം ഇവരുടെ നേതൃത്വത്തിലുള്ള പ്രാദേശിക സംഘാടക സമിതിയും ദൈവനാമ മഹത്വത്തിനായും സമ്മേളനവിജയത്തിനായും അക്ഷീണ പരിശ്രമത്തിലാണ്. ഹൂസ്റ്റണിലെ സഭകളും ദൈവദാസന്മാരും ദൈവജനവും നൽകുന്ന പിന്തുണ എടുത്തുപറയേണ്ടതാണ്. അതുകൊണ്ടു തന്നെ പ്രാദേശിക സമിതിയുടെ ഭാഗമാകാൻ ഓരോ പ്രിയപ്പെട്ടവരും ഉത്സാഹത്തോടെ മുമ്പോട്ട് വന്നതും ഈ സമ്മേളനത്തെ ഹൂസ്റ്റണിലെ ദൈവമക്കൾ എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ തെളിവാണ്. വ്യക്തിപരമായ താല്പര്യങ്ങൾ ഒന്നുമില്ലാതെ ദൈവനാമമഹത്വത്തിനായി ഒന്നുചേരുകയാണ് എല്ലാവരും.

കാലഘട്ടത്തിനനുസൃതമായ പുതിയ ടെക്നോളജി കൂടി ഈ സമ്മേളനത്തിനായി പ്രയോജനപ്പെടുത്തുവാൻ ആ നിലകളിൽ വിദഗ്ധരായവരുടെ സഹായവും ലഭ്യമാക്കി സമ്മേളനം കുറ്റമറ്റതാക്കുവാനുള്ള ശ്രമത്തിലാണ്. സമ്മേളനത്തിനായി ഒരുക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ പങ്കെടുക്കുന്നവർക്ക് ഏറെ ഉപകാരപ്പെടും. പങ്കെടുക്കുന്നവർക്ക് മറക്കുവാൻ കഴിയാത്ത ആത്മീയ അനുഭവങ്ങൾ ലഭ്യമാകുന്നതോടൊപ്പം മികച്ച താമസ സൗകര്യം, നല്ല ഭക്ഷണം, മറ്റ് അനുബന്ധ ക്രമീകരണങ്ങൾ എല്ലാം ഒരുക്കുകയെന്നത് വലിയ ഉത്തരവാദിത്വമാണ്. തികഞ്ഞ സാമ്പത്തിക അച്ചടക്കവും സാമ്പത്തിക കാര്യങ്ങളിൽ മിതത്വവും സുതാര്യതയും കാത്തുസൂക്ഷിക്കുന്നതിനാണ് മുൻഗണന നൽകുന്നതെന്നും ബ്രദർ ബിജു തോമസ് പറയുന്നു.

പതിനായിരം പേരെ പ്രതീക്ഷിക്കുന്ന സമ്മേളനത്തിനുവേണ്ടി അതിനനുസൃതമായ ക്രമീകരണങ്ങൾ പുരോഗമിക്കുകയാണ്. ഹൂസ്റ്റണിലെ പ്രസിദ്ധമായ ജോർജ്ജ് ആർ ബ്രൗൺ കൺവൻഷൻ സെന്ററാണ് കോൺഫറൻസ് വേദി. താമസസൗകര്യങ്ങൾ ഒരുക്കിയിരിക്കുന്ന ഹിൽട്ടൺ അമേരിക്കാസ് ഹോട്ടലിൽ നിന്നും സമ്മേളനവേദിയിലേക്ക് നേരിട്ടു എത്തുവാൻ കഴിയും എന്ന പ്രത്യേകതയുമുണ്ട്. ഡാളസ്, ഒക്കലഹോമ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും റോഡ് മാർഗ്ഗം എത്തിച്ചേരുവാൻ കഴിയും എന്നതും ജനപങ്കാളിത്വം വർദ്ധിപ്പിക്കും. എല്ലാറ്റിലുപരി ദൈവീക കരുണയും കൃപയുമാണ് ആവശ്യമായിരിക്കുന്നത്. അതുകൊണ്ട് തന്നെ എല്ലാവരുടെയും പ്രാർത്ഥന സമ്മേളനത്തിനായി അഭ്യർത്ഥിക്കുന്നു.


● ● ● ●



ബ്രദർ ബിജു തോമസ്, സഹധർമ്മിണി ഷീജ.
മക്കൾ: ജാമിൻ തോമസ്, ജോനാഥാൻ തോമസ്



# യുവത്വത്തിന്റെ പ്രസരിപ്പുമായി റോബിൻ രാജു




- ◊ 39-ാമത് നോർത്തമേരിക്കൻ കോൺഫറൻസിന് ഹ്യൂസ്റ്റൺ വേദിയാകുന്നു.
- ◊ 2024 ജൂലൈ 4 -7 വരെ ഹ്യൂസ്റ്റൺ ജോർജ്ജ് ആർ ബ്രൗൺ കൺവൻഷൻ സെന്റർ വേദിയാകും.
- ◊ പിസിഎൻഎകെ ചരിത്രത്തിലെ ഏറ്റവും വലിയ ജനപങ്കാളിത്തം പ്രതീക്ഷിക്കുന്ന സമ്മേളനം.

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോര ഗ്രാമമായ തണ്ണിത്തോട് പ്രകൃതി രമണീയമായ സ്ഥലമാണ്. കാട്ടരുവികളും മലകളും താഴ്‌വരകളും നിറഞ്ഞ നാട്. എവിടെയും പച്ചപ്പ്. മനുഷ്യന്റെ മനസ്സും കണ്ണും നിറയ്ക്കുന്ന പ്രകൃതി സൗന്ദര്യം. വന്യമൃഗങ്ങൾ മേഞ്ഞുനടക്കുന്ന കൊടുംവനം നിറഞ്ഞ ഈ ദേശത്തേക്ക് മനുഷ്യൻ ജീവിത സന്ധാരണത്തിനായി ചേക്കേറിയപ്പോൾ തണ്ണിത്തോടും കുടിയേറ്റ മേഖലയായി. ജനവാസം നിറഞ്ഞ ഇടമാണെങ്കിലും പ്രകൃതിഭംഗി ഇപ്പോഴും നിറഞ്ഞുനിൽക്കുന്ന സ്ഥലമാണ് തണ്ണിത്തോട് എന്ന കൊച്ചുഗ്രാമം. വനത്തെയും വന്യമൃഗങ്ങളെയും കീഴടക്കി ആളുകൾ ധാരാളം ഈ കൊച്ചുഗ്രാമത്തിലേക്ക് വന്നു. പട്ടണസൗകര്യങ്ങളെല്ലാം ഗ്രാമത്തിൽ ഇന്ന് ലഭ്യമാണ്. ഇവിടെ കുടിയേറിയവരിലേക്ക് ആത്മീയ സന്ദേശവുമായി ധാരാളം സുവിശേഷകർ എത്തിച്ചേർന്നു. അത് അനേകരെ ആത്മീയ



വെളിച്ചത്തിലേക്ക് നയിച്ചു. ആത്മീയ കൂട്ടായ്മകൾ ഉടലെടുത്തു.

തണ്ണിത്തോട് ഗ്രാമത്തിലെ ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളാണ് ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന പാണംതലയ്ക്കൽ പാസ്റ്റർ പി. എം. ജോർജ്ജ്. തണ്ണിത്തോട് ചർച്ച് ഓഫ് ഗോഡ് സഭയുടെ സ്ഥാപകനും ദൈവസഭയിലെ സീനിയർ ശുശ്രൂഷകനുമായിരുന്നു പാസ്റ്റർ പി. എം. ജോർജ്ജ്. പാസ്റ്റർ പി. എം. ജോർജ്ജിന്റെ മകൻ രാജു ജോർജ്ജ് -ശാന്തമ്മ ജോർജ്ജ് ദമ്പതികളുടെ മൂന്നു മക്കളിൽ ആദ്യജാതനാണ് ബ്രദർ റോബിൻ രാജു. ബാല്യകാലത്തിൽ ഇന്ത്യയിൽ ജീവിച്ച റോബിൻ പിതാമഹനോടൊപ്പം ഞായറാഴ്ചകളിൽ ഹാൾ തുറക്കാനും തൂത്തുവാരുവാനും പായ വിരിക്കാനും ഒക്കെ സജീവമായിരുന്നു. ഒരർത്ഥത്തിൽ ശമുവേൽ ബാലനെപ്പോലെ ആലയത്തിലെ കാര്യങ്ങളെല്ലാം ഭംഗിയായി ചെയ്യുന്നതിൽ ഉത്സാഹശാലിയായ ബാലൻ.

1994-ൽ അമേരിക്കയിലെ ഡാളസിലേക്ക് കുടിയേറി പാർത്തതാണ് റോബിൻ രാജുവും കുടുംബവും. സ്കൂൾ-കോളേജ് പഠനം ഡാളസിൽ നിർവ്വഹിച്ച ബ്രദർ റോബിൻ എം.ബി.എ. ബിരുദം നേടി. ആത്മീയ പ്രവർത്തനങ്ങളിൽ സജീവമായ ഇദ്ദേഹം സഭയിലും എല്ലാ കാര്യങ്ങളിലും ഉത്സാഹശാലിയായി പ്രവർത്തിച്ചു. സഭയുടെ യൂത്ത് സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ച ബ്രദർ റോബിൻ രാജു 2015-ൽ ഡാളസിലെ പെന്തെക്കോസ്ത് യുവജനങ്ങളുടെ സംയുക്ത വേദിയായ പിവൈസിഡിയുടെ യൂത്ത് കോർഡിനേറ്റർ ചുമതലയിലെത്തി. 2016-ൽ ഡാളസിൽ നടന്ന പിസിഎൻഎകെയുടെ ലോക്കൽ യൂത്ത് കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു. ബ്രദർ റോബിൻ രാജുവിന്റെ സംഘാടക മികവ് പരക്കെ പ്രശംസിക്കപ്പെടുകയും ദേശീയതലത്തിൽ നടന്ന് സമ്മേളനങ്ങളുടെ ചുമതലക്കാരനായി മാറുകയും ചെയ്തു. 2017-ൽ ഹൂസ്റ്റണിൽ നടന്ന ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫറൻസിന്റെ (നാ



റവ. ഫിന്നി ആലുംമൂട്ടിൽ
നാഷണൽ കൺവീനർ



രാജു പൊന്നോലിൽ
നാഷണൽ സെക്രട്ടറി



ബിജു തോമസ്
നാഷണൽ ട്രഷറർ



ആൻസി സന്തോഷ്
നാഷണൽ ലേഡീസ് കോർഡിനേറ്റർ

ക്കോഗ്) യൂത്ത് കോർഡിനേറ്ററായി സ്തുത്യർഹമായ സേവനം നിർവ്വഹിച്ചു. ഇപ്പോൾ വീണ്ടും അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ പൊതുവേദിയായ പിസിഎൻഎകെ.യുടെ ഹൂസ്റ്റൺ സമ്മേളനത്തിലും യുവജനങ്ങളെ മുന്നിൽ നിന്ന് നയിക്കുവാനുള്ള നിയോഗം ബ്രദർ റോബിൻ രാജുവിനെ തേടിയെത്തിയിരിക്കുന്നു. ആത്മീയ കാഴ്ചപ്പാടുള്ള ഈ യുവാവ് അമേരിക്കയിലെ യുവജനങ്ങളെ പ്രത്യേകിച്ച് മലയാളി സമൂഹത്തെ കുറിച്ച് ഏറെ കാഴ്ചപ്പാടോടെ ചിന്തിക്കുന്ന ആളാണ്. കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങളെ ഉൾക്കൊള്ളുവാനും അപ്പോൾത്തന്നെ അടിസ്ഥാന ഉപദേശങ്ങളിൽ നിന്ന് വ്യതിചലിക്കാതെ ആത്മീയ കാഴ്ചപ്പാടോടെ പ്രായോഗികതയിൽ ഊന്നി മുന്നേറുവാനും കഴിഞ്ഞെങ്കിൽ മാത്രമേ നമ്മുടെ സമൂഹത്തിന്റെ തനതായ വ്യക്തിത്വം നിലനിർത്തുവാൻ കഴിയുകയുള്ളൂ എന്ന തന്റെ കാഴ്ചപ്പാട് ബ്രദർ റോബിൻ രാജു വ്യക്തമാക്കുന്നു. ഫെഡക്സ് കമ്പനിയിൽ ഐ.റ്റി. പ്രൊജക്ട് മാനേജരായി സേവനമനുഷ്ഠിക്കുന്ന ഇദ്ദേഹം നിലമ്പൂർ പള്ളിക്കുത്ത് കാടമലയിൽ പാസ്റ്റർ കെ. ജെ. ജോൺ-സാലി ജോൺ ദമ്പതികളുടെ മകളായ സഹധർമ്മിണി ആഷാ രാജുവും മക്കളായ സന, സൈറസ് എന്നിവരും ഡാളസ് മെട്രോ ചർച്ച് ഓഫ് ഗോഡിലെ സജീവ അംഗങ്ങളാണ്.

ഹൂസ്റ്റൺ പിസിനാക്ക് ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തത്തക്കനിലയിൽ ഏറെ ശ്രദ്ധേയമാകുമെന്ന് ഇദ്ദേഹം പറയുന്നു. പങ്കെടുക്കുന്നവരുടെ എണ്ണം മറ്റ് സമ്മേളനങ്ങളെക്കാൾ വളരെ മുമ്പിലായിരിക്കും. യുവജനങ്ങളുടെ പങ്കാളിത്വവും വളരെ വർദ്ധിക്കും എന്നതിൽ സംശയമില്ല. യങ് അഡല്റ്റ്സിനുവേണ്ടിയുള്ള ഫാമിലി സെമിനാർ, പേരന്റിംഗ് സെമിനാർ, കരിയർ സെമിനാർ എന്നിവയിൽ പ്രത്യേകം പ്രശസ്തരായ ആളുകൾ ക്ലാസ്സുകൾ നയിക്കും. 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുവേണ്ടി പ്രത്യേക ടീം ഉണ്ടാകും. ടീനേജിനുവേണ്ടിയും (10-20) പ്രത്യേക പ്രോഗ്രാമുകളാണ് ക്രമീകരിച്ചിരിക്കുന്നത്. അത് അവരിൽ ആത്മവിശ്വാസം വളർത്തുവാനും ആത്മീയ മുന്നേറ്റത്തിനും ഉതകുന്ന പ്രോഗ്രാമുകളായിരിക്കും. പകൽ സമയം ക്രമീകരിച്ചിരിക്കുന്ന ഔട്ട് റീച്ച് മിനിസ്ട്രി ഇത്തവണത്തെ യൂത്ത് പ്രോഗ്രാമിൽ വ്യത്യസ്തത പുലർത്തുന്ന ഒന്നായിരിക്കും. ഓപ്പൺ എയർ മീറ്റിംഗ്, ട്രാക്ട് വിതരണം, ഹോംലെസ്സ് ആളുകളുടെ ഇടയിലുള്ള പ്രവർത്തനം എന്നിവ യുവജനങ്ങൾക്ക് വേറിട്ട അനുഭവമാകും. അതോടൊപ്പം സ്പോർട്സ് പ്രോഗ്രാമുകളും സജ്ജീകരിച്ചിട്ടുണ്ട്. മൂവായിരം യുവജനങ്ങളെ പ്രതീക്ഷിക്കുന്ന ഈ സമ്മേളനത്തിൽ ലോകപ്രശസ്തമായ മ്യൂസിക് ടീം ഗാനശുശ്രൂഷയ്ക്കായി എത്തും. യുവജനങ്ങൾക്ക് പരസ്പര ബന്ധം ശക്തിപ്പെടുത്താനും കൂട്ടായ്മയുടെ ഊഷ്മളത അനുഭവിച്ചറിയുവാനും ഈ സമ്മേളനത്തിൽ സാധ്യമാകും. ഈ സമ്മേളനം പങ്കെടുക്കുന്ന യുവജനങ്ങളെ സംബന്ധിച്ചിടത്തോളം മറക്കാനാവാത്ത ആത്മീയ അനുഭവങ്ങളുടെ സമ്മേളനമാകുമെന്ന് ബ്രദർ റോബിൻ രാജു പറയുന്നു. സമ്മേളന വിജയത്തിനായി യൂത്ത് ടീം വളരെ സമർപ്പണത്തോടെ പ്രവർത്തിക്കുകയാണ്. ബ്രദർ മാത്യു ജോഷ്വാ, സാജൻ ജോയ്, ക്രിസ്റ്റീൻ വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള പ്രാദേശിക ടീമും നാളുകളായി അത്യദ്ധ്വാനം ചെയ്യുകയാണ്. പ്രാർത്ഥനയുടെ വലിയൊരു പിൻബലം ഈ സമ്മേളനത്തിനുണ്ട്. ആത്മമാരിയുടെ വലിയ ഒഴുക്ക് ഈ സമ്മേളനത്തിൽ അനുഭവിക്കുവാൻ പ്രാർത്ഥനയോടെ കടന്നുവരിക.

---

## 01 < അനുഭവസമ്പത്തിന്റെ കരുത്തുമായി...

ങ്ങൾ ഉൾപ്പെടുന്നതാണിത്. താമസസൗകര്യം പ്രധാനമായി ക്രമീകരിച്ചിരിക്കുന്നത് ഹിൽട്ടൺ അമേരിക്കാസ് ഹോട്ടലിലാണ്. ഇത് കൺവെൻഷൻ സെന്ററിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. മികച്ച ഭക്ഷണം, താമസസൗകര്യം ഇവ ഇവിടെ ലഭ്യമാണ്. പ്രോഗ്രാമുകളും മറ്റും കാര്യങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളും ചിന്തകളും തുടരുകയാണ്. യൂത്ത് സെക്ഷൻ കൂടാതെ എല്ലാവർക്കും ആയി ഒരു ഇംഗ്ലീഷ് സെക്ഷനും ഉണ്ടാകും. യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും പ്രാധാന്യം നൽകുന്ന സമ്മേളനം ആയിരിക്കും ഇത്. അന്തർദേശീയ തലത്തിൽ ഏറെ പ്രശസ്തരും കർത്താവിനാൽ ഉപയോഗിക്കപ്പെടുന്നവരുമായ അഭിഷിക്തന്മാർ ശുശ്രൂഷകരായി എത്തും. പി സി എൻ എ കെ സമ്മേളനം ഹൂസ്റ്റൺ പട്ടണത്തിൽ ചലനം ഉണ്ടാക്കണം എന്നതാണ് ഞങ്ങളുടെ ഏറ്റവും വലിയ ആഗ്രഹം. സമ്മേളന അനുഗ്രഹത്തിനായുള്ള തുടർമാനമായ പ്രാർത്ഥന ആരംഭിച്ചു കഴിഞ്ഞു. പിസിഎൻഎകെയുടെ മുന്നോടിയായി സുവിശേഷീകരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് കഴിഞ്ഞു. ഉപവാസ പ്രാർത്ഥനകളും ക്രമീകരിച്ചിരിക്കുന്നു. കോൺഫറൻസ് നടത്തി എന്നതിനപ്പുറം കോൺഫറൻസിലൂടെ ദൈവനാമം മാത്രം മഹത്വപ്പെടണം. ഔപചാരികതകൾക്കപ്പുറം ഓരോ മീറ്റിങ്ങുകളും ആത്മനിറവിന്റെ അനുഭവങ്ങൾ നൽകുന്നതാകണം. അവിടെ ലഭിക്കുന്ന വചനങ്ങൾ പങ്കെടുക്കുന്നവരെ രൂപാന്തരപ്പെടുത്തുന്നതും സമർപ്പണത്തിലേക്ക് നയിക്കുന്നതും ആകണം.

**ഈ സമ്മേളനത്തിന്റെ ചിലവുകൾ വളരെ ഭാരിച്ചതാണല്ലോ?**

ഇത് ദൈവിക വേലയാണ് അതിനാൽ തന്നെ ദൈവത്തിന്റെ കരുതൽ ഉണ്ടാകും. മുൻകാലങ്ങളെ പോലെ ദൈവജനത്തിന്റെ കൂട്ടായ സഹകരണത്താൽ കാര്യങ്ങൾ ഭംഗിയായി നടക്കും.

**? പിസിഎൻഎകെ നൽകുന്ന സന്ദേശം എന്താണ്**

ദൈവജനത്തിന്റെ കൂട്ടായ്മയുടെയും ഐക്യതയുടെയും സന്ദേശമാണ് പിസിഎൻഎകെ.ക്രമീകൃതവും സ്ഥിരമായതുമായ നിയമങ്ങളോ സംഘടനയോ ഇല്ലാതെ തന്നെ നാല് പതിറ്റാണ്ടായി പിസിഎൻഎകെ മുടക്കം കൂടാതെ നടക്കുകയാണ്. സംഘടനകൾക്കപ്പുറം ദൈവസ്നേഹമാണ് ഈ യോജിക്കലിന്റെ അടിസ്ഥാനം. മലയാളക്കരയിൽ പല ശ്രമങ്ങളും പരാജയപ്പെട്ടപ്പോഴും ഈ ഐക്യസമ്മേളനം അമേരിക്കയിൽ തുടരുകയാണ്. ഇത് നിലനിൽക്കേണ്ടത് ഇവിടെയുള്ള ദൈവജനത്തിന് ആവശ്യമാണ്. മറ്റ് സംഘടന സംവിധാനങ്ങൾ ഉള്ളപ്പോൾ തന്നെ ദൈവജനത്തിന് ഒരുമിച്ച് കൂടാനും കർത്താവിനെ ആരാധിപ്പാനും ഒരു വേദി.

2024 ജൂലൈ 4 -7 വരെ നടക്കുന്ന ഈ കോൺഫറൻസിനായി എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണം. മറക്കാനാവാത്ത ആത്മീയ അനുഭവങ്ങളുടെ ദിനങ്ങളായി കർത്താവ് ഈ കോൺഫറൻസ് ദിനങ്ങളെ മാറ്റും. ദൈവനാമ മഹത്വത്തിനായി നമുക്ക് ഒരുമിച്ച് മുന്നേറാം.

● ● ● ●

# JABAL AL WAHA TOURISM

www.jabalalwahatourism.com



Dubai City Tour



Abu Dhabi Tour



Hatta/Oman Tour

**Our Services**

Visa Assistance – Tourist & Transit
Air Ticket Services
Meet & Assist Services
Hotel Reservations
Sea Plane/Helicopter Tours
Jet Ski/Luxury Boat Tours
Deep Sea Fishing
East Coast Tours
Dubai Zipline
Luxury Vehicles Half/Full Day
IMG Worlds of Adventure
Dubai Parks & Resorts
Sky Diving
Cruise Trip



7 Nights/ 8 Days Dubai Package



5 Nights/ 6 Days Dubai Package

**Contact Us for Customized deals**
+971 4 355 7854
+971 55 630 0711
+971 50 210 5334
+971 50 298 1557
+971 50 725 2279
info@jabalwahatourism.com
jabalwahatourism@gmail.com



Johns P Mathews, USA



Blessen Varughese, UAE



PHILADELPHIA fellowship church

# PHILADELPHIA FELLOWSHIP CHURCH
## LONDON, CANADA

WE ARE A MISSIONS-ORIENTED CHURCH WITH PETECOSTAL DISTINCTIVENESS. OUR PRIMARY GOAL IS TO USE OUR GOD-GIVEN GIFTS AND TALENTS TO INSPIRE PEOPLE TO ENCOUNTER THE PRESENCE OF GOD.



**SERVICES**

SUNDAY - 9:30 AM (ENGLISH SERVICE)
SUNDAY - 11:30 AM (MALAYALAM SERVICE)
TUESDAY - 7:30 AM (INTERCESSORY PRAYER)
FRIDAY - 7:30 PM (MALAYALAM MEETING)
FRIDAY - 7:30 PM (ENGLISH BIBLE STUDY)

SUNDAY SCHOOL
WOMEN'S FELLOWSHIP
YOUTH MEETING

**Newcomers to Canada**
We are happy to provide information & resources to help you settle in!



PASTOR
JOY PUNNOOSE


20014 NISSSOURI RD, DUNDAS EAST, LONDON, ONTARIO, CANADA

+1 (226) 224-4500
joypunnoose@usa.net
philadelphiachurchlondon.com

# നിത്യതയിൽ

### പാസ്റ്റർ കെ. റ്റി. ഉതുപ്പ്

**എരുമേലി:** പെരുന്തേനരുവി ശാരോൻ സഭാ ശുശ്രൂഷകൻ മുക്കൂട്ടുത്തറ പലകക്കാവ് കണ്ടത്തിൽ പാസ്റ്റർ കെ.റ്റി. ഉതുപ്പ് (കുഞ്ഞുമോൻ–75) നിത്യതയിൽ.



സംസ്കാരം നടത്തി. മല്ലപ്പള്ളി സീയോൻ ബൈബിൾ കോളേജ്, കടപ്ര ഹെബ്രോൻ ബൈബിൾ കോളേജ്, എന്നിവിടങ്ങളിൽ വേദാദ്ധ്യാപകനായിരുന്നു. ഭാര്യ: അന്നമ്മ ഉതുപ്പ്. മക്കൾ: ഷീബ, ഷൈനു, ഷേർളി. മരുമക്കൾ: ഷാജി പറന്തൽ (ഐപിസി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം), ലിപ്നി (റാന്നി- ഇടമൺ), സജിൻ (അത്തിക്കയം).

### ഇവാ. ദേവകുമാർ

**പെരിന്തൽമണ്ണ:** ബാംഗ്ലൂർ എൽബി എസ് നഗർ ഐപിസി കരിസ്മ സഭാംഗം ഇവാ. ദേവകുമാർ (72) നിത്യതയിൽ. സംസ്കാരം ബാംഗ്ലൂർ ഹോസൂർ റോഡിലെ ഇന്ത്യൻ ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി. ഭാര്യ: സരസ ദേവകുമാർ. മകൾ: ബ്ലസി. മരുമകൻ: പാസ്റ്റർ റൊണാൾഡ് റോയ്.



### സുവി. നസീർ

**ആലപ്പുഴ:** സുവിശേഷകൻ നസീർ ആലപ്പുഴ (62) നിത്യതയിൽ. സംസ്കാരം ജൂൺ 22ന് ശനിയാഴ്ച ആലപ്പുഴ കളർകോട് യൂണിയൻ പെന്തകോസ്തു സെമിത്തേരിയിൽ നടത്തി. ഭാര്യ: റഷീദ, മക്കൾ: മുഹമ്മദ് റോഷൻ, റിസ്വാന. മരുമക്കൾ: ഐഷാ, ലിനു.



### പാസ്റ്റർ ജോൺസി എബ്രഹാം

**കോട്ടയം:** വേദ അധ്യാപകൻ, അനുഗൃഹീത പ്രഭാഷകൻ, എഴുത്തുകാരൻ,കുട്ടികളുടെ ഇടയിലെ സുവിശേഷകൻ,ഗാനരചയിതാവ് എന്നീ നിലകളിൽ കർത്താവിനായി പ്രയോജനപ്പെട്ട പാസ്റ്റർ ജോൺസി എബ്രഹാം (51) നിത്യതയിൽ. പാമ്പാടി ജി.എം.ഡിഓഡിറ്റോറിയത്തിൽ കൊണ്ടുവരുന്നതും ശുശ്രൂഷകൾക്ക് ബെഥേൽ ഗോസ്പൽ അസംബ്ലി പുതുപ്പള്ളി സെമിത്തേരിയിൽ സംസ്കാരം നടത്തി.



### വർഗീസ് മാത്യു

**ഫിലാഡൽഫിയ:** പെന്തെക്കോസ്റ്റൽ ചർച്ച് ഓഫ് ഫിലാഡൽഫിയ സഭാംഗം വർഗീസ് മാത്യു (72) നിത്യതയിൽ. ഭാര്യ: വത്സമ്മ മാത്യു, മകൾ ബ്ലെസി, മരുമകൻ ജീവൻ വർഗീസ്, സഹോദരങ്ങൾ: പാസ്റ്റർ ഗീവർഗീസ് ചാക്കോ, ജോർജ് വർഗീസ്, ജോളി ഫിലിപ്പോസ്, ജോസെൻ വർഗീസ്, പാസ്റ്റർ ജോസഫ് വർഗീസ്. സംസ്കാരം നടത്തി.



### പൗലോസ്

**തൃശൂർ:** കണ്ണാറ ചീനിക്കടവ് പാർണായിൽ പരേതനായ വർക്കി മകൻ പൗലോസ് (89) നിത്യതയിൽ. സംസ്കാരം കരിപ്പക്കുന്ന് മലങ്കര ക്രിസ്ത്യൻ ചർച്ച് സെമിത്തേരിയിൽ നടന്നു. ഭാര്യ: പരേതയായ മറിയക്കുട്ടി. മക്കൾ: പരേതയായ ലീല, മേരി, ചിന്നമ്മ, പാസ്റ്റർ തങ്കച്ചൻ, ബിന്ദു, ബിജു. മരുമക്കൾ: പരേതനായ പൗലോസ്, റപ്പായി, ജോസ്, ബിനു, ജോയി, സോവി.



### ബിനോയ് ശാമുവേൽ

**ഫിലാഡൽഫിയ:** ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡ് സഭാംഗം ബിനോയ് ശാമുവേൽ (52) നിത്യതയിൽ. ഭാര്യ: സിജി, മകൾ: ആഷ്ലി ബിനോയി. സഹോദരങ്ങൾ: ഡോക്ടർ ബിനു ഷാജിമോൻ, മഞ്ജു തോമസ്. സംസ്കാരം എബിനെസർ ചർച്ച് ഓഫ് ഗോഡ് 2605 വെൽഷ് റോഡ്, ഫിലാഡൽഫിയയിൽ നടന്നു.



### എൻ. ജെ. തോമസ്

**പരുത്തുംപാറ:** ചർച്ച് ഓഫ് ഗോഡ് കുഴിമറ്റം സഭാംഗം നടുവത്ര എൻ. ജെ. തോമസ് (കുഞ്ഞപ്പൻ 81) നിത്യതയിൽ. സംസ്കാരം കുഴിമറ്റം ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: പട്ടശ്ശേരിൽ അമ്മാൾ തോമസ്. മക്കൾ: ജെസ്റ്റിൽ, ജെസ്സിൻ, ജെയ്ൻ. മരുമക്കൾ: ജോളി, ഡിഷ, ജീൻസി.



### വർഗീസ്

**ഫ്ലോറിഡ:** ഇലന്തൂർ ചിറക്കടവിൽ കുടുംബാംഗം ചേറ്റുകടവിൽ വർഗീസ് (കുഞ്ഞൂഞ്ഞ് 94) നിത്യതയിൽ. തോന്നിയാമലയിലെ പെന്തക്കോസ്ത് പ്രവർത്തനങ്ങളുടെ ആരംഭകാല പ്രവർത്തകനും, ഐ.പി.സി തോന്നിയാമല സഭയുടെ സ്ഥാപക കുടുംബാംഗവുമായിരുന്നു. മാരാമൺ ഐ.പി.സി സഭയുടെ മുൻ അംഗവുമായിരുന്നു പരേതൻ. ഇലന്തൂർ ചെരിക്കരേത്ത് പരേതയായ ഏലിയാമ്മയാണ് ഭാര്യ. മക്കൾ: പൊന്നമ്മ, സൂസമ്മ, ബാബുക്കുട്ടി, മരുമക്കൾ: പരേതനായ പാസ്റ്റർ വൈ. ബേബിക്കുട്ടി, ശാമുവേൽ വർഗീസ്, എൽസി. സംസ്കാരം നടത്തി.



### ജോൺ ടി എഫ്

**കുന്നംകുളം:** ദി പെന്തെക്കൊസ്ത് മിഷൻ തൃശ്ശൂർ സെന്റർ കുന്നംകുളം സഭാ വിശ്വാസി തെക്കേക്കര ഫെബി യുടെ മകൻ ജോൺ ടി എഫ് (21) നിത്യതയിൽ. സംസ്കാരം കുന്നംകുളം റ്റിപിഎം ഫെയ്ത്ത് ഹോമിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തെരിയിൽ നടത്തി.



### പി. ടി. ഏബ്രഹാം

**നിലമ്പൂർ:** ചക്കാലക്കുത്ത് കുരീക്കാട്ടിൽ പി.ടി.ഏബ്രഹാം (ബേബി- 88) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: അക്കാമ്മ ഏബ്രഹാം (കൂടാരത്തിൽ കുടുംബാംഗം). മക്കൾ: ജൂബി, ജൂലി, ലിജി. മരുമക്കൾ , ആലിസ്, കുഞ്ഞുമോൻ, പാസ്റ്റർ എബി.




### മത്തായി ഫിലിപ്പോസ്

**ഫ്ലോറിഡ:** കുണ്ടറ ഭരണിക്കാവിളയിൽ ഷാരൺ കോട്ടേജിൽ മത്തായി ഫിലിപ്പോസ് (74) നിത്യതയിൽ. ഭാര്യ മേഴ്സി വീയപുരം വേലിയിൽ കുടുംബാംഗമാണ്. സംസ്കാരം ഓക്ക് ഹിൽ ബറിയൽ പാർക്ക് സെമിത്തേരിയിൽ നടന്നു. മക്കൾ: ഷാരൻ (യു.എസ്), കെവിൻ (ദുബായ്). മരുമക്കൾ: ജിം മരത്തിനാൽ (ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ജനറൽ കൗൺസിൽ അംഗം), ഷെറിൽ.




### എം. കെ ശോശാമ്മ

**പാമ്പാക്കുട:** പാട്ടുപാളതടത്തിൽ (സന്തോഷ് ഭവൻ) ഐപിസി സീയോൻ സഭാംഗം പി.ജെ ജോർജ്ജിന്റെ (റിട്ട. പഞ്ചായത്ത് സെക്രട്ടറി) ഭാര്യ എം. കെ ശോശാമ്മ (80) (റിട്ട. ടീച്ചർ MTMHS പാമ്പാക്കുട) നിത്യതയിൽ. സംസ്കാരം കൈനി ഐ പി സി സെമിത്തേരിയിൽ നടത്തി. മക്കൾ: ആശ (ESIC കൊല്ലം), സന്തോഷ് (USA), ഫിന്നി (എയർ പോർട്ട് കൊച്ചി), മരുമക്കൾ: പാസ്റ്റർ വർഗ്ഗീസ് എബ്രഹാം (ഐ പി സി കോവളം ഏരിയ പ്രസിഡന്റ്), പ്രീതി ജോർജ്ജ്, ബബിത ഫിന്നി.



### കുഞ്ഞാമ്മ

**കുന്നംകുളം:** അപ്പൊസ്തൊലിക് ചർച്ച് ഓഫ് ഗോഡ് പഴഞ്ഞി സഭാംഗമായ അകതിയൂർ കൂത്തൂർ വീട്ടിൽ ഇയ്യപ്പന്റെ മകൾ കുഞ്ഞാമ്മ (83) നിത്യതയിൽ. അവിവാഹിതയും അക്കിക്കാവ് ടി എം വി എച്ച് എസ് സ്കൂൾ റിട്ട ജീവനക്കാരിയുമാണ്. സംസ്കാരം അപ്പൊസ്തൊലിക് ചർച്ച് ഓഫ് ഗോഡ് പഴഞ്ഞി സഭാ സെമിത്തേരിയിൽ നടത്തി.



### അമ്മിണി കുഞ്ഞച്ചൻ

**മുണ്ടക്കയം:** പിടിശ്ശേരിമല കുഞ്ഞച്ചൻ പി റ്റി യുടെ ഭാര്യ അമ്മിണി കുഞ്ഞച്ചൻ (ചിന്നമ്മ 71) നിത്യതയിൽ. സംസ്കാരം യു പി സി പുഞ്ചവയൽ സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: സിനി മനോജ് സിജി ജയരാജ് സിജുമോൻ പി കെ. മരുമക്കൾ: പാസ്റ്റർ മനോജ് ചെറിയാൻ (യു പി സി പനയ്ക്കവയൽ) ജയരാജ്.




### മറിയാമ്മ ജോർജ്

**മുറിഞ്ഞകൽ:** ചക്കാലമണ്ണിൽ പരേതനായ തോമസ്സ് ജോർജിന്റെ ഭാര്യ മറിയാമ്മ ജോർജ് (80) നിത്യതയിൽ. സംസ്കാരം നടത്തി. പരേത കലഞ്ഞൂർ വയലിറക്കത്ത് ചരുവിൽ കുടുംബാംഗമാണ്. മക്കൾ റോയി ജോർജ്,റെജി ജോർജ്,റെനു ജോർജ്,മോളി വിൽസൻ,ജോളി തോമസ്സ്. മരുമക്കൾ സാജി റോയ്, സിനി റെജി, ബ്ലസ്സി റെനു, വിൽസൻ പൗലോസ്, തോമസ്സ് ഏബ്രഹാം.



### മറിയാമ്മ ഏബ്രഹാം

**അമ്പലക്കര:** മേലേവിള വീട്ടിൽ പരേതനായ കെ. ഏബ്രഹാമിന്റെ ഭാര്യയും ഐ. പി. സി. കുണ്ടറ സെന്റർ മിനിസ്റ്റർ പാസ്റ്റർ പൊന്നച്ചൻ ഏബ്രഹാമിന്റെ മാതാവുമായ മറിയാമ്മ ഏബ്രഹാം (85) നിത്യതയിൽ. സംസ്കാരം പനയറ ഐ. പി. സി. താബോർ സഭാ സെമിത്തേരിയിൽ നടത്തി. കരിക്കം നെടിയവിള കുടുംബാംഗമാണ്. മക്കൾ: ചിന്നമ്മ പാപ്പച്ചൻ, പാസ്റ്റർ പൊന്നച്ചൻ ഏബ്രഹാം, മോനച്ചൻ ഏബ്രഹാം, മോളമ്മ ഷാജി, റെജി ഏബ്രഹാം (താബോർ വോയ്സ്). മരുമക്കൾ : പാപ്പച്ചൻ, സൂസൻ പൊന്നച്ചൻ, ബീനാ മോനച്ചൻ, ഷാജി ചാക്കോ, ജെസി റെജി.




### വിമല ജോർജ്

**പാലക്കാട് :** പാലക്കാട് കൽമണ്ഡപം നെഹ്റു കോളനി ആഷിഷ് ഭവനത്തിൽ വിമല ജോർജ് (75) നിത്യതയിൽ. ഐ പി സി അംബുജം സഭാംഗമാണ്. സംസ്കാരം പാലക്കാട് ഐപിസി സെമിത്തേരിയിൽ നടത്തി. ഭർത്താവ് പരേതനായ റിട്ട.ഓഫീസ് കമാൻഡർ തൃശ്ശൂർ രാമവർമപുരം ബി.കെ ഓസ്റ്റിൻ കൊയ്ലോത്ത്. മക്കൾ: ശബ്നം കൊയ്ലോത്ത്, എഡ്വേർഡ് പ്രവീൺ കൊയ്ലോത്ത് (യുഎസ്). മരുമക്കൾ: വിൻസന്റ് (ദുബായ്), സൂസൻ (യുഎസ്).



### ഏലിയാമ്മ

**തിരുവല്ല:** കവുംങ്ങുംപ്രയാർ കൂറ്റൻ പാറ വീട്ടിൽ പരേതനായ കെ.ജി ചാക്കോയുടെ ഭാര്യ ഏലിയാമ്മ (94) അമേരിക്കയിൽ നിത്യതയിൽ. സംസ്കാരം ഡിട്രോയിറ്റ് (മിഷിഗൺ) ട്രോയി ഇന്റർനാഷണൽ ചർച്ച് ഓഫ് ഗോഡ് സഭയുടെ നേതൃത്വത്തിൽ നടത്തി. മക്കൾ: കുഞ്ഞമ്മ മാത്യു, ബാബു (കെ.സി. വർഗീസ്), പൊന്നമ്മ മാത്യു, മോളമ്മ ജെയ്ക്കബ് (എല്ലാവരും അമേരിക്കയിൽ).



### മേരി തോമസ്

**ചിക്കാഗോ:** ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമായ മേരി തോമസ് (94) നിത്യതയിൽ. സംസ്കാരം റിഡ്ജ് വുഡ് സെമിത്തേരിയിൽ നടത്തി. അടൂർ പകലോമറ്റം കെങ്കയിൽ പരേതരായ കൊച്ചു കുഞ്ഞ് കോശിയുടെയും അന്നമ്മയുടെയും മകളാണ് പരേത. ഭർത്താവ്: പരേതനായ സൈമൺ തോമസ് (റാന്നി കണ്ടൻപേരൂർ തുണ്ടിയിൽ ഇലങ്കത്ത് കുടുംബാംഗം). മക്കൾ; സുമ (ബോംബെ), സുധ (അറ്റ്ലാന്റ), പ്രമോദ് (ചിക്കാഗോ), പ്രവീൺ (സൗത്ത് കരോലീന). മരുമക്കൾ: ബാബു, പരേതനായ ജോയ്, റോയ്,ജെസ്സി, സൂസൻ.



### ഏലിയാമ്മ

**കോടഞ്ചേരി:** നെല്ലിപ്പൊയിൽ ഹൈസ്കൂൾ റിട്ട. ഹെഡ് മാസ്റ്റർ പരേതനായ പൊന്നാമറ്റത്തിൽ അഗസ്റ്റിന്റെ ഭാര്യ ഏലിയാമ്മ (77) നിത്യതയിൽ. സംസ്കാരം അടിമണ്ണ് അസംബ്ലീസ് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി. മക്കൾ: ടോമി, കൊച്ചുറാണി, ജിമ്മി, ഷൈനി, പ്രിൻസി, പരേതനായ വിൻസന്റ്, മിനി, സോഫിയ. മരുമക്കൾ: പരേതനായ സണ്ണി (മുഖാലയിൽ), ബെന്നി (ആലുങ്കൽ), സിമി, പുഷ്പ, ജെസ്റ്റിൻ (പുളിക്കൽ), ബിജു (കൊള്ളിക്കാട്ടിൽ) ബിനു (പുലിക്കോട്ടിൽ).



### ഏലിയാമ്മ ഏബ്രഹാം

**പുതുപ്പള്ളി:** പാലയ്ക്കൽ പറമ്പിൽ പാസ്റ്റർ പി. സി ഏബ്രഹാമിന്റെ (ബാങ്ക് അവറാച്ചൻ) ഭാര്യ ഏലിയാമ്മ ഏബ്രഹാം (84) നിത്യതയിൽ. സംസ്കാരം പുതുപ്പള്ളി, തച്ചകുന്ന് ചർച്ച് ഓഫ് ഗോഡ് (അഗപ്പേ ഗോസ്പൽ സെൻറർ) സെമിത്തേരിയിൽ നടത്തി. മക്കൾ: അശ്വതി ജോസ്, ഗ്രേസ് തങ്കച്ചൻ, ജേക്കബ് പി ഏബ്രഹാം (കോട്ടയം സഹകരണ അർബ്ബൻ ബാങ്ക് പുതുപ്പള്ളി). മരുമക്കൾ: പാസ്റ്റർ. ജോസ് കെ തോമസ് (കൊല്ലാട്), കെ തങ്കച്ചൻ (റിട്ടയേർഡ് ജില്ലാ സപ്ലൈ ആഫീസര്), മേഴ്സി( മല്ലശ്ശേരി). പരേത പന്തളം മാന്തുക ചാത്തല്ലൂർ തെക്കേതിൽ കുടുംബാഗമാണ്.




### ഹന്ന ഗ്രേസ് ജോർജ്

**ന്യൂയോർക്ക്:** കോർണർ സ്റ്റോൺ സഭാംഗങ്ങളായ സന്തോഷ് & മേഴ്സി ജോർജ്ജ് ദമ്പതികളുടെ മകൾ ഹന്ന ഗ്രേസ് ജോർജ്ജ് (16) നിത്യതയിൽ. പാസ്റ്റർ സി. റ്റി മാത്യു സാറാമ്മ മാത്യു എന്നിവരുടെ കൊച്ചുമകളാണ്. സംസ്കാരം ജെറുസലേം അവന്യു, ഹിക്ക്സ്വില്ല കോർണർ സ്റ്റോൺ ചർച്ചിൽ നടന്നു. സഹോദരങ്ങൾ: മിഷേൽ, ഡാനിയേല.



### അന്നമ്മ ആന്റണി

**വടവാതൂർ:** ഐരാറ്റുനട പെരുംതോട്ടത്തിൽ പരേതനായ പി.ജി. ആന്റണിയുടെ (ദാസ്) ഭാര്യ അന്നമ്മ ആന്റണി (പെണ്ണമ്മ – 87) നിത്യതയിൽ. നട്ടാശ്ശേരി മണ്ണൂർ കുടുംബാഗമാണ്. സംസ്കാരം വടവാതൂർ ഐപിസി സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: വത്സമ്മ (USA), പരേതയായ പൊന്നമ്മ, സാജൻ (ഇറ്റലി), ഷാജു, ബിജു, റീന, രജിത (അയർലൻഡ്). മരുമക്കൾ : കൊല്ലം റോസ്സാരിയോ ഹൗസ്സിൽ പരേതനായ ബ്രൂണോ, മണർകാട് തടത്തിപ്പറമ്പിൽ റെയ്സ്, എൽസ, മെൽഡ, മണർകാട് മണ്ണനാകുന്നേൽ മോൻസി (ഷാർജ), കൊട്ടാരക്കര,കുളക്കട ഇമ്മനുവേൽ ഹൗസ്സിൽ റെജി (അയർലൻഡ്).



MOB: 9526602670
beljourn@gmail.com
VOL 17, ISSUE 03
Price: ₹ 10

BELIEVERS JOURNAL
PUBLISHED ON 25/06/2024

BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547

RNI. NO. KERMAL/2008/26530
beljourn.com/ www.bjournal.org
E-mail: beljourn@gmail.com

OUTREACH MINISTRIES IN PARTNERSHIP WITH

# SACRED HANDS OF HOPE
INDIAN MINISTRIES

NOT TO BE SERVED BUT TO SERVE



## "NEVER CAST AWAY A CASTAWAY."
JESUS CHRIST

---

**WORSHIP PLACE**
2542 COUNTRY CLUB ROAD
LUCAS, TX 75002

PASTOR SANTHOSH B PODIMALA
SACAREDHANDSOFHOPE@GMAIL.COM
214-929-3370

"THE ONE WHO COMES TO ME I WILL NEVER CAST OUT."
JOHN 6:37